കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിങ്ങാലക്കുട നഗരസഭ
## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**തൃശ്ശൂർ**
**e-mail:dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)836/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-20
ഇ.മെയിൽ:- dotsr.ksad@kerala.gov.in
ഫോൺ - 0487 2331249
തീയതി:09/07/2019

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഇരിങ്ങാലക്കുട നഗരസഭ.

സർ,

വിഷയം :ഇരിങ്ങാലക്കുട നഗരസഭ - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ നഗരപാലികാനിയമം നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിങ്ങാലക്കുട നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)- ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-4, 2-6, 2-9 ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, കേരളാ മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(എം) 836/19 തിയ്യതി:09/7/2019

**(1994ലെ കേരളാ നഗരപാലികാ നിയമം - വകുപ്പ് 295(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.4.2017 മുതൽ 31.3.2018 വരെയുള്ള മാസങ്ങളിൽ വിവിധ ഇനങ്ങളിലായി നഗരസഭ നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജഗോപാലൻ സി , ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.05.19 മുതൽ 27.05.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ലത എം.എൻ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.), |
| | ശ്രീ.ശിവദാസൻ എ.കെ, അസി.ഓഡിറ്റ് ഓഫീസർ, |
| | ശ്രീമതി.ചൈതന്യ പുരുഷോത്തമൻ, അസി. ഓഡിറ്റ് ഓഫീസർ, |
| | ശ്രീമതി.സുധ ഇ.എൻ, അസി. ഓഡിറ്റ് ഓഫീസർ, |
| | ശ്രീമതി.നിജ്ജ സി.എസ്, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർപേഴ് സൺ | ശ്രീമതി.നിമ്യ ഷിജു | 1.4.17 മുതൽ 31.3.18 വരെ |
| മുനിസിപ്പൽ സെക്രട്ടറി | ശ്രീ.ഒ.എൻ.അജിത്കുമാർ | 1-4-17 മുതൽ 31.3.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.മണികണ്ഠകുമാർ.ടി. | 1.4.17മുതൽ 6.7.17 FN വരെ |
| | ശ്രീ.സന്തോഷ് എം.വി | 6.7.17 ANമുതൽ 08.11.17 വരെ |
| | ശ്രീമതി. ജുവൈന | 08.11.17 മുതൽ 31.03.18 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.മൻമഥൻ.പി | 1.4.17 മുതൽ 31.5.17 വരെ |
| | ശ്രീ.സാജു മാർട്ടിൻ | 01.06.17 മുതൽ 20.10.17 വരെ |
| | ശ്രീ മുഹമ്മദ് കുട്ടി | 21.10.17 മുതൽ 31.3.18 വരെ |
| പ്രോജക്ട് ഓഫീസർ, യു.പി.എ. സെൽ | ശ്രീ സജീവ്.ആർ | 1.4.17 മുതൽ 31.3.18 വരെ |
| സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി പോളി ക്ളിനിക്ക്, ഇരിങ്ങാലക്കുട | ഡോ.ജോയ് ജോർജ്ജ് | 1.4.17 മുതൽ 5.6.17 F Nവരെ |
| | ഡോ.ടി.എ ബാബുരാജ് | 6.6.17 A N മുതൽ 31.3.18 F Nവരെ |
| പ്രിൻസിപ്പൽ, ഗവ. ബോയ്സ് എച്ച്.എസ്.എസ് | ശ്രീ.സുധീർ.എം | 1.4.17 മുതൽ 28.07.17വരെ |
| | ഡോ.ഹംസ എം.ബി | 29.07.17 മുതൽ 31.3.18 |

| | | |
|---|---|---|
| | | വരെ |
| പ്രിൻസിപ്പൽ,<br>ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ് | ശ്രീമതി.ഉഷ.സി.കെ | 1.4.17 മുതൽ 31.3.18 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.സിജോ.പി.എസ് | 01.04.17 മുതൽ 05.10.17 വരെ |
| | ശ്രീ.പ്രവീൺ സി.ജി | 06.10.17 മുതൽ 31.03.18 വരെ |
| പ്രിൻസിപ്പൽ,<br>ഗവ. ബോയ്സ്,<br>വി.എച്ച്.എസ്.ഇ | ശ്രീ.ജിനേഷ് എ | 1.4.17 മുതൽ 05.11.17 വരെ |
| | ശ്രീമതി.രമ്യ ജോസഫ് | 06.11.17 മുതൽ 31.3.18 വരെ |
| ഹെഡ്മിസ്ട്രസ്സ്<br>ജി.എൽ.പി.എസ്, മുകുന്ദപുരം | ശ്രീമതി.പദ്മജ ടി.എ | 04.04.17 മുതൽ 04.05.17 വരെ |
| | ശ്രീമതി ലിസ്സി ടി.എ | 04.05.17 AN മുതൽ 31.3.18 വരെ |
| സൂപ്രണ്ട്,<br>താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ | ഡോ.മിനിമോൾ | 1.4.17 മുതൽ 31.3.18 വരെ |
| ഹെഡ്മിസ്ട്രസ്,<br>ഗവ.ഗേൾസ് എൽ.പി.എസ്,<br>ഇരിങ്ങാലക്കുട | ശ്രീമതി.ലാജി വർക്കി.കെ | 1.4.17 മുതൽ 31.3.18 വരെ |
| പ്രിൻസിപ്പൽ,<br>ഗവ.മോഡൽ ഗേൾസ് എച്ച്.എച്ച്.എസ് | ശ്രീമതി.പ്യാരിജ.എം | 1.4.17 മുതൽ 31.3.18 വരെ |
| പ്രിൻസിപ്പൽ,<br>വി.എച്ച്.എസ്.ഇ. (ഗേൾസ്) | ശ്രീമതി.ഹേന.കെ.ആർ | 1.4.17 മുതൽ 31.3.18 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ് ഹൈസ്കൂൾ | ശ്രീമതി.രമണി.ടി.വി | 1.4.17 മുതൽ 31.3.18 വരെ |
| എസ്.പി.കെ.<br>സി.എം.എം. ജി.എൽ.പി.എസ്.&<br>യു.പി.എസ്.,<br>മാടായിക്കോണം | ശ്രീമതി.രേണുക പി.വി | 1.4.17 മുതൽ 11.08.17 വരെ |
| | ശ്രീമതി.കുമാരി തോമസ് | 12.05.17 മുതൽ 02.07.17 വരെ |
| | ശ്രീമതി.കനകവല്ലി.വി.ആർ | 03.07.17 മുതൽ 31.3.18വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി.വാലന്റീന കെ.ഡി | 1.4.17 മുതൽ 07.10.17 വരെ |
| | ശ്രീ.സജിനി പി എം | 07.10.17 മുതൽ 21.02.18വരെ |
| | ശ്രീ.ഷാബു ടി.ആർ | 21.02.18 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ,<br>വെറ്റിനറി ഡിസ്പെൻസറി,<br>കരുവന്നൂർ | ഡോ.ടിട്സൺ പിൻഹിറോ<br>ഡോ കിരൺ മേനോൻ | 1.4.17 മുതൽ 01.6.17 FNവരെ<br>1.6.17 |

| | | |
|---|---|---|
| | | ANമുതൽ 31.3.18 വരെ |
| അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷിഭവൻ | ശ്രീ.വൽസലൻ | 1.4.17 മുതൽ 31.3.18 വരെ |
| അഗ്രികൾച്ചറൽ ഓഫീസർ, പൊറത്തിശ്ശേരി | ശ്രീ.വി.വി.സുരേഷ് | 1.4.17 മുതൽ 31.3.18 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | ഡോ.ആർ കൃഷ്ണേന്ദു | 01.04.17 മുതൽ 29.10.17 വരെ |
| | ഡോ.റീന മാത്യു | 30.10.17 മുതൽ 14.12.17വരെ |
| | ഡോ.പ്രതിഭ കെ സി | 14.12.17 AN മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ബീന.കെ.ജെ | 1.4.17 മുതൽ 14.09.17 വരെ |
| | ശ്രീമതി.ശ്രുതി ടി രാംമോഹൻ | 15.09.17 മുതൽ 28.11.17 വരെ |
| | ശ്രീമതി.ഷമീന പി.എ | 29.11.17 മുതൽ 30.3.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദഡിസ്പെൻസറി, കരുവന്നൂർ പൊറത്തിശ്ശേരി | ഡോ.ജെസ് ലിൻ ജോസ് | 1.4.17 മുതൽ 31.3.18 വരെ |
| | 4.8.17 – 5.8.17 ഒഴിവ് | |
| | ഡോ.ലിജ ജേക്കബ് എം | 6.8.17 മുതൽ 31.3.18 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ആശുപത്രി, ഇരിങ്ങാലക്കുട | ഡോ.പ്രീതിജോസ് | 01.4.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., പൊറത്തിശ്ശേരി | ഡോ.ബിന്ദു.കെ.എം | 01.4.17 മുതൽ 31.3.18 വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം – 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | അക്കൗണ്ട്സ് പരിശോധന അപാകതകൾ | 1-12 |
| ഭാഗം – 2 | | |
| 13 | IHSDP 2015-16 പലിശ വരവ് തൻവർഷത്തിലും | 2-1 |

| | | |
|---|---|---|
| | ഉൾപ്പെടുത്തിയിട്ടില്ല. പലിശ നീക്കിയിരിപ്പ് തൻ വർഷത്തിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. | |
| 14 | വാടക അപാകതകൾ | 2-2 |
| 15 | ഡി&ഒ ട്രേഡേഴ്സ് തൊഴിൽ നികുതി – സാംഖ്യ ഡിമാന്റും – മന്വൽ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 2-3 |
| 16 | 2017-18ലെ 60ൽ പരം സ്ഥാപന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് | 2-4 |
| 17 | വിനോദനികുതി – അപാകതകൾ | 2-5 |
| 18 | പൊതുമരാമത്ത് – കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം 51,45,207 രൂപ, 27 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-6 |
| 19 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം പുന പരിശോധിക്കണം | 2-7 |
| 20 | അനധികൃത നിർമ്മാണം – നികുതി ഈടാക്കണം – തുടർ നടപടി സ്വീകരിക്കണം | 2-8 |
| 21 | നഗരസഭ – പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടില്ല – അവലോകനം | 2-9 |
| ഭാഗം – 3 | | |
| 22 | ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ സർക്കാർ ഉത്തരവില്ലാതെ അംഗീകൃതമല്ലാത്ത തസ്തികകൾ നിലനിർത്തിയിരിക്കുന്നു. | 3-1 |
| 23 | ടാർ സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ് – അപാകതകൾ | 3-2 |
| 24 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ടാർ ബാലൻസിന്റെ 12903 കി.ഗ്രാം യാഡിൽ സൂക്ഷിച്ചിരിക്കുന്നു. | 3-3 |
| 25 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം വ്യക്തമാക്കിയിട്ടില്ല. | 3-4 |
| 26 | സ്വച്ഛ് ഭാരത് മിഷൻ ഗാർഹിക ശൗചാലയങ്ങൾ – ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-5 |
| 27 | ഇരിഞ്ഞാലക്കുട നഗരസഭയിലെ മാലിന്യസംസ്കരണം, ശുചിത്വം എന്നിവയിൽ നഗരസഭയുടെ ഇടപെടൽ പരിശോധിക്കുന്ന പ്രത്യക പഠന റിപ്പോർട്ട് | 3-6 |
| 28 | ഇ – ടെൻഡർ തുറക്കുന്നതിന് മുമ്പ് ടെൻഡർ രേഖകളുടെ പകർപ്പ് ആവശ്യപ്പെടുന്നത് ഒഴിവാക്കേണ്ടതാണ്. | 3-7 |
| 29 | പൊതുടാപ്പുകൾ – ഉപയോഗശൂന്യമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-8 |
| 30 | അംഗനവാടി വഴിയുള്ള പൂരക പോഷകാഹാരം – കേന്ദ്രസഹായം ഉപയോഗിക്കാതെ നഷ്ടപ്പെടുത്തുന്നു. | 3-9 |
| 31 | ഗവ.ബോയ്സ് എച്ച്. എസ്സ്.എസ്സ് പ്രൻസിപ്പാൾ നടപ്പിലാക്കിയ പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക 71,495/-രൂപ തടസ്സപ്പെടുത്തുന്നു. | 3-10 |
| 32 | 2017-18 സാമ്പത്തിക വർഷത്തിൽ നഗരസഭ വക വാഹനങ്ങളുടെ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല – ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 3-11 |
| 33 | 2017-18 സാമ്പത്തിക വർഷം ഓണം അഡ്വാൻസ് നൽകിയത് – സ്ഥലം മാറിപ്പോയവരിൽ നിന്നും ബാലൻസ് തുക തിരികെ ലഭിച്ചിട്ടില്ല. | 3-12 |
| 34 | അഡ്വാൻസ് തുക സമയ പരിധി കഴിഞ്ഞ് ക്രമീകരിച്ചത് – പലിശ ഈടാക്കിയിട്ടില്ല | 3-13 |
| 35 | ലീഗൽ ചാർജജ് – ആദായനികുതി കുറവ് ചെയ്തില്ല | 3-14 |
| 36 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം | 3-15 |

| | | |
|---|---|---|
| | ഹാജരാക്കിയിട്ടില്ല 242305 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |
| 37 | കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയ്ക്ക് തുക നൽകൽ – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല, പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – 6092703രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-16 |
| 38 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നിയമം നടത്തി തുക ചെലവ് ചെയ്ത് 161760രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-17 |
| 39 | മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പരിധിയിലധികം തുക ചെലവഴിച്ചിരിക്കുന്നു. 46094രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-18 |
| 40 | തുറന്ന കിണർ നിർമ്മാണം – മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത 68000രൂപ തടസ്സപ്പെടുത്തുന്നു | 3-19 |
| 41 | ഇരട്ടവീട് ഒറ്റ വീടാക്കൽ – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-20 |
| 42 | പട്ടികജാതി വികസന ഓഫീസിർ നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ | 3-21 |
| 43 | കെട്ടിടങ്ങളുടെ അറ്റകുറ്റപണി – പൊളിച്ചെടുക്കുന്ന വസ്തുക്കളുടെ ഡിസ്പ്പോസൽ/പുനരുപയോഗം എന്നിവ വ്യക്തമാക്കുന്നില്ല | 3-22 |
| 44 | അങ്കണവാടികളുടെ അറ്റകുറ്റപണി, അപാകത, മോണിറ്ററിംഗ് സമിതിയുടെ അസാന്നിദ്ധ്യം | 3-23 |
| 45 | ചാത്രാപ്പ് ലിഫ്റ്റ് ഇറിഗേഷൻ സോഷ്യോ ഇക്കണോമിക് യൂണിറ്റിനു കൈമാറിയ അഡ്വാൻസ് തുക സംബന്ധിച്ച അവ്യക്തത | 3-24 |
| 46 | ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിച്ചിട്ടില്ല | 3-25 |
| 47 | സർവ്വീസ് ടാക്സ് അടവാക്കിയത്, ചലാൻ ഹാജരാക്കേണ്ടതാണ് | 3-26 |
| 48 | സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ, ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവയുടെ സൂക്ഷിപ്പ് – അപാകതകൾ | 3-27 |
| 49 | മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗത്തിൽ മാർഗ്ഗ രേഖ പാലിച്ചിട്ടില്ല. | 3-28 |
| 50 | കന്നുകുട്ടി പരിപാലനം പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ് | 3-29 |
| ഭാഗം – 4 | | |
| 51 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 52 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 53 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 54 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 55 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 56 | ഓഡിറ്റ് റിക്കവറി | 4-6 |
| 57 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം | 4-7 |
| 58 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 59 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 60 | തീർപ്പാക്കൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 61 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം – 1 |
| 62 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം – 2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ കരട് ബജറ്റ് 29.3.2017 ലെ 1ാം നമ്പർ തീരുമാന പ്രകാരവും പരിഷ്കരിച്ച ബജറ്റ് 24-03-2018 ലെ 1 ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. പ്രതീക്ഷിത വരവ് ₹42,49,65,565/- രൂപയും പ്രതീക്ഷിത ചെലവ് ₹42,38,95,406- രൂപയും നീക്കിയിരിപ്പ് 5,47,90,051 രൂപയും ആണ്. യഥാർത്ഥ മുന്നിരിപ്പ് 7,19,14,891.41 രൂപയും വരവ് 29,01,40,841/- രൂപയും ചെലവ് 31,08,09,627/- രൂപയും നീക്കിയിരിപ്പ് 5,12,46,105.41 രൂപയും ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും ആണ് തയ്യാറാക്കിയിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2018 | 31.07.18 |

അപാകത പരിഹരിച്ച് സമർപ്പിച്ച തീയതി 06.03.19

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 2-4-2019 & 3-4-2019 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) 501/19 തീ 5.4.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 7,19,14,891.41 |
| വരവ് | ₹ 29,01,40,841 |
| ആകെ | ₹ 36,20,55,732.41 |
| ചെലവ് | ₹ 31,08,09,627 |
| നീക്കിയിരിപ്പ് | ₹ 5,12,46,105.41 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 50303000.00 | 50303000.00 | 26627090.00 | 23675910.00 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 26619000.00 | 26619000.00 | 14845422.00 | 11773578.00 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 37012264.00 | 37012264.00 | 29792337.00 | 7219927.00 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11301997.00 | 11301997.00 | 11289417.00 | 12580.00 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 64725513.00 | 64725513.00 | 35358931.00 | 29366582.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5523430.00 | 5523430.00 | 5511503.00 | 11927.00 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) സംസ്ഥാനം&കേന്ദ്രം | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | - | - | - | - | - |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എ.യു.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി+Material cost | - | 12247395.00 | 12247395.00 | 12247395.00 | - |
| | അഡ്മിനിസ്ട്രേറ്റീവ് | 1822.04 | 5110788.82 | 5112610.86 | 3142252.00 | 1970358.86 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് അകൈ | | | | | |

| Bank | Opening Balance | Receipts | Payments | Closing Balance |
|---|---|---|---|---|
| State Bank of Travancore – 4073 | 17,613.18 | 0.00 | 649.00 | 16,964.18 |
| Canara Bank Own Fund A/c | 0.00 | 0.00 | 0.00 | 0.00 |
| Thrissur Dist Co.Op Bank Own Fund – 3352 | 26,516.00 | 0.00 | 0.00 | 26,516.00 |
| Karuvannur Service Co-Operative Bank | 50,941.73 | 2,860.00 | 0.00 | 53,801.73 |
| Thrissur Dist Co-Op Bank Loan -8556 | 2,000.00 | 0.00 | 0.00 | 2,000.00 |
| Treasury MF A/C I(1515/1) | 0.00 | 0.00 | 0.00 | 0.00 |
| STSB (OWN FUND) A/C | 53,27,046.00 | 38907771.00 | 4,34,49,389.00 | 7,85,428.00 |
| Treasury Provident Fund | 0.00 | 0.00 | 0.00 | 0.00 |
| Union Bank of India – 15443 | 1,632.00 | 63.00 | 0.00 | 1,695.00 |
| Indian Overseas Bank – 237 | 2,342.00 | 91.00 | 59.00 | 2,374.00 |
| Indian Overseas Bank -1050 IHSDP | 35,66,042.00 | 72,097.00 | 32,96,000.00 | 3,42,139.00 |
| State Bank of India (Solar) | 0.00 | 0.00 | 0.00 | 0.00 |
| State Bank of India (NULM) | 26,50,549.00 | 6,64,445.00 | 29,31,968.00 | 3,83,026.00 |
| Dhanalakshmi Bank LTD – 6573 | 5,756.00 | 0.00 | 5,756.00 | 0.00 |
| South Indian Bank (NULM) | 0.00 | 1,12,225.00 | 89.00 | 1,12,136.00 |
| Irinjalakuda Town Co-Op Bank – 101359 | 2,069.00 | 0.00 | 0.00 | 2,069.00 |
| Indian Bank – Sweep – 8998 | 23,65,810.00 | 1,53,225.00 | 0.00 | 25,19,035.00 |
| SBT, Secretary – 4379 | 8,88,217.00 | 0.00 | 649.00 | 8,87,568.00 |
| SBT Muncipal Engineer – 52983 | 4,57,460.00 | 17,037.00 | 115.00 | 4,74,382.00 |
| SBT, Project Officer – 43366 | 16,547.00 | 613.00 | 115.00 | 17,045.00 |
| State Bank of Travancore, IEO | 0.00 | 0.00 | 0.00 | 0.00 |
| State Bank of India Salary A/C | 1,88,2,299.00 | 106655333.00 | 111463462.00 | 14004170.00 |
| Vijaya Bank (cremitorium) | 32,272.00 | 1,271.00 | 0.00 | 33,543.00 |
| Vijaya Bank (SNP) | 15,94,166.00 | 3,96,903.00 | 3,72,474.00 | 16,18,595.00 |
| Indian Overseas Bank – 1666 IHSDP | 1,96,29,560.50 | 8,44,445.00 | 1,51,00,000.00 | 53,74,005.50 |
| Indian Bank – 1477 | 0.00 | 0.00 | 0.00 | 0.00 |
| Indian Bank – DSWM – 7854 | 10,635.00 | 0.00 | 88.00 | 10,547.00 |
| Syndicate Bank (Ayyankali) | 1,822.00 | 51,26,268.00 | 31,57,732.00 | 19,70,358.00 |
| Indian Bank (Census) | 20,990.00 | 803.00 | 0.00 | 21,793.00 |
| ICICI (SWATCH BHARATH) | 6,44,601.00 | 11,26,360.00 | 2,72,075.00 | 14,98,886.00 |
| State Bank of India (Clean Kerala) | 40,16,203.00 | 1,49,597.00 | 0.00 | 41,65,800.00 |
| Axis Bank (PMAY) | 98,44,752.00 | 49161580.00 | 4,34,14,296.00 | 15592036.00 |
| MF/MCF II (a) Development Fund | 0.00 | 0.00 | 0.00 | 0.00 |
| MF/MCF II (b) Development Fund (SCP) | 0.00 | 0.00 | 0.00 | 0.00 |
| Treasury MF A/C III Maintenance Fund | 0.00 | 0.00 | 0.00 | 0.00 |
| Treasury MFA – IV 13th Fin.Commission | 0.00 | 0.00 | 0.00 | 0.00 |
| Treasury MFA V – KLGSDP | 0.00 | 0.00 | 0.00 | 0.00 |
| TPA 216 (PF) | 13,17,670.00 | 50,00,658.00 | 54,90,964.00 | 8,27,364.00 |
| TPA 222 (PENSION) | 3,756.00 | 53,00,500.00 | 53,00,312.00 | 3,944.00 |
| Treasury – Grant Funds | 0.00 | 26,49,599.00 | 26,49,599.00 | 0.00 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ) | ഐ.എച്ച്.എസ്.ഡി.പി. | | | | | |
| | ന്യൂട്രീഷൻ പ്രോഗ്രാം | | | | | |
| | എൈ.ഡി.എസ്.എം.ടി | | | | | |
| | എൻ.ആർ.വൈ | | | | | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | സ്വച്ഛ ഭാരത് | | | | | |
| | പി.എം.എ.വൈ | 9844752.00 | 46767632.00 | 56612384.00 | 41020348.00 | 15592036.00 |
| | എൻ.യു.എൽ.എം. | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ) | | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -- | -- | --- | -- | --- |
| | ജില്ലാ പഞ്ചായത്ത് | -- | -- | -- | -- | -- |
| ബി ഫണ്ട് | വിവാഹ ധനസഹായം | | | | | 0 |
| | സോഷ്യൽ ഗ്രാ. | | | | | |
| | പ്രൊഡക്ഷൻ ബോണസ് | | | | | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | --- | | | | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 518 | 286976210 | 244 | 12,29,29,995 | 244 | 54 | 220 | 47.1 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1822.04 | 5110788.82 | 5112610.86 | 3142252 | 1970358.86 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 12247395 | 12247395 | 12247395 | -- |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 51720 * | 89 |
| കർഷക തൊഴിലാളി പെൻഷൻ | 6856700 | 600 |
| വിധവാ പെൻഷൻ | 26875100 | 2252 |
| വാർദ്ധക്യകാല പെൻഷൻ | 51317800 | 3996 |
| വികലാംഗ പെൻഷൻ | 6231400 | 513 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 250900 | 205 |
| വിവാഹ ധനസഹായം | 150000 | 5 |

* പിൻവലിച്ച തുക 71200/-

51720 ചെലവഴിച്ച ബാക്കി 18480/- ട്രഷറിയിൽ തിരിച്ചടച്ചു.

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-5-2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3517/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഒരു സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതിയും പ്രവർത്തന ക്ഷമതയും പ്രതിഫലിക്കേണ്ട ഒന്നാകണം ബഡ്ജറ്റ്. എന്നാൽ ഇവിടെ പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവും ചെലവുമായി വളരെ അന്തരം കാണുന്നു. ഒട്ടും യാഥാർത്ഥ്യ ബോധത്തോടെയല്ല ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്.
നഗരസഭ ഭരണ സമിതിയുടെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടേയും യോഗങ്ങൾ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന വിധം സമയബന്ധിതമായി കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വർഷാന്ത്യ നീക്കിയിരിപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ബിൽ രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. തനത് ഫണ്ട് വൗച്ചറുകൾക്കൊപ്പം സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല. ചെലവുകൾ നടത്തിയതിന്ശേഷം സാംഖ്യയിൽ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. മിക്ക വൗച്ചറുകളിലും വൗച്ചറുകൾക്കൊപ്പം ബന്ധപ്പെട്ട ചെലവ് രേഖകൾ സൂക്ഷിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല.
പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. ആഭ്യന്തരനിയന്ത്രണസംവിധാനങ്ങൾശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.07.16-27.07.16 | 2014-15 2015-16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.05.18-02.06.18 | 2013-14, 2017-18 | 11.7.2018 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1) B18 ഷെഡ്യൂൾ പ്രകാരം മിസലേനിയസ് അഡ്വാൻസ് 574435.00രൂപയാണ്. രജിസ്റ്റർ പ്രകാരം 666932 രൂപയാണ്.

2) 31.03.18ൽ ഫിക്സഡ് ഡെപ്പോസിറ്റ് തുക 2738124/-രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ B-12 ഷെഡ്യൂൾ പ്രകാരം 2400936 രൂപയാണ്.

3) Total Stock in Hand B14 Statement പ്രകാരം ഇല്ല എന്ന് കാണിച്ചിരിക്കുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ബാലൻസ് ഉണ്ട്. ആകെത്തുക കണക്കാക്കിയിട്ടില്ല.

4) Balance Sheet B7 ൽ 10 ഡെപ്പോസിറ്റ് ഇനങ്ങൾ ചേർത്തിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

5) ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇക്വിറ്റി ഷെയേർസ് 50 ലക്ഷം രൂപയുടേതുണ്ട്. രസീതി ഹാജരാക്കിയിട്ടില്ല.

6) പ്രതിമാസ റീ കൺസിലിയേഷൻ നടത്തിയിട്ടില്ല. IHSDP A/c No.1050 Indian Bank Sweep 8998 എന്നിവയിൽ Sweep ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി അക്കൗണ്ടുകളുടെ സാംഖ്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമല്ല. എല്ലാ അക്കൗണ്ടുകളുടെയും പ്രതിമാസ റീകൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

7) Property tax arrears, Professional tax traders, employees എന്നിവയുടെ DCB തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കേണ്ടതാണ്.

8) Balance Sheet B-5പ്രകാരം 398254/-രൂപയാണ് KURDFCയിൽ നിന്നുള്ള (രണ്ടു ലോണുകളിൽ നിന്നുകൂടി തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്) ലോൺതിരിച്ചടവ് ബാക്കിയുള്ളതായി കാണിച്ചിട്ടുള്ളത് . എന്നാൽരജിസ്റ്റർ പരിശോധനയിൽ 369000/-മുതലും 87746 പലിശയടക്കം 456746 രൂപ തിരിച്ചടച്ചിട്ടുണ്ട്. വായ്പയിൽ 855000-369000 = 486000/-രൂപയാണ് തിരിച്ചടവ് ബാക്കി വരേണ്ടത്. എന്നാൽ B-5ൽ പലിശയടക്കം കുറച്ച് തുകയാണ് തിരിച്ചടവ് ബാക്കി തുകയായി കണിച്ചിട്ടുള്ളത്. വായ്പ 2018-19 ൽ അവസാനിപ്പിച്ചു. AFSൽ ഉള്ള ഈ അപാകത 2018-19 AFSൽ ക്രമീകരിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 51,45,207രൂപ സെക്യൂരിറ്റി നിക്ഷേപം സ്വീകരിച്ചിട്ടുണ്ട് (2014-15 വർഷത്തെ നിക്ഷേപവും ഇതിലേക്ക് ചേർത്തിട്ടുണ്ട്). ആയത് അക്കൗണ്ട്സിലേക്ക് വരവ് വെക്കുകയോ സെക്യൂരിറ്റി നിക്ഷേപം രജിസ്റ്റർ മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 IHSDP-2015-16 പലിശ വരവ് തൻവർഷത്തിലും ഉൾപ്പെടുത്തിയില്ല.പലിശ നീക്കിയിരിപ്പ് തനതുഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്

IHSDP (Integrated Housing and Slum Development Programme )പദ്ധതിയുമായി ബന്ധപ്പെട്ട് phase1നും phase IIനും ആയി രണ്ടു അക്കൗണ്ടുകൾ മുനിസിപ്പൽ സെക്രട്ടറിയുടെ പേരിലുണ്ട്. ആയവയിൽ phase II അക്കൗണ്ടിലെ മുന്നിരിപ്പ് ബാങ്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല. 2015-16 മുതൽ ടി അക്കൗണ്ട് ബാങ്ക് റി കൺസീലിയേഷൻ നടത്താത്തതിനാൽ 29.2.2016ൽ പലിശയിനത്തിൽ ലഭിച്ച 4,65,928/-രൂപ വാർഷീക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം sweep മുന്നിരിപ്പ് bank passbook പ്രകാരം 1,96,66,000 ഉം കാഷ്ബുക്ക് പ്രകാരം 1,91,95,072 രൂപയും ആണ്. ആയതു 2018-19 ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. 2018-19 ൽ പദ്ധതി നടപ്പിലാക്കി വിഹിതം തിരിച്ചടവ് പൂർത്തീകരിച്ചതിനാൽ പലിശയിനത്തിൽ ലഭിച്ച തുക (പാസ് ബുക്ക് പ്രകാരമുള്ള തുക) തനതുഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

## 2-2 വാടക-അപാകതകൾ

a) വാടക രജിസ്റ്റർ പ്രകാരം ഇരിങ്ങാലക്കുട നഗരസഭയുടെ അധീനതയിൽ 21 വിഭാഗങ്ങളിലായി കെട്ടിടമുറികളും സ്റ്റാളുകളും പെട്ടിക്കടകളുമായി 417മുറികൾ ഉണ്ട്. ആയവയിൽ താഴെ പറയും പ്രകാരം കെട്ടിടമുറികൾ/സ്റ്റാളുകൾ ഒഴിഞ്ഞുകിടക്കുന്നു.

| ക്രമ നം | കെട്ടിട വിഭാഗം | ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം |
|---|---|---|
| 1 | കസ്തൂർഭ വനിത ഷോപ്പിംഗ് കോംപ്ളെക്സ് | 4(XVIII/127M,XVIII/127N,XVIII/127Q,XVIII/127R) |
| 2 | മോഡേൺ ഫിഷ് മാർക്കറ്റ് | 5 |
| 3 | ഫിഷ് മാർക്കറ്റ് സ്റ്റാൾ | 26 |
| 4 | പൊറത്തിശ്ശേരി സോണൽ ഏരിയയിലുള്ള കെട്ടിടമുറികൾ | 2(X/484,X/490) |

മുറികൾ/സ്റ്റാളുകൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആകെ 7704931 രൂപ ഡിമാന്റിൽ 7581347 രൂപ കളക്ഷൻ ലഭിച്ചപ്പോൾ മുനിസിപ്പൽ റസ്റ്റ് ഹൗസ്(27081/- രൂപ), ഠാണ ടൂറിസ്റ്റ് ഹോം ഒന്നാം നില(9870/-രൂപ), മൽസ്യ മാംസ മാർക്കറ്റ് (8591/-രൂപ), ഫിഷ് മാർക്കറ്റ് സ്റ്റാൾ(6615 രൂപ), പോർക്ക് മാംസ മാർക്കറ്റ് (3657/- രൂപ), പെട്ടിക്കടകൾ (1075/- രൂപ), സോണൽ ഏരിയയിലെ കടമുറികൾ (66695/-രൂപ) എന്നിവിടങ്ങളിൽ നിന്നായി 123584/- രൂപ കുടിശ്ശിക ലഭിക്കാനുണ്ട്. ആയതു കാലഹരണപ്പെടാതെ പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) കെട്ടിട മുറികൾക്ക് ഒരേ നം. രജിസ്റ്ററിൽ ചേർത്തിരിക്കുന്നു. ഡിആന്റ് ഓ ലൈസൻസ് നൽകുന്ന സമയത്ത് മുനിസിപ്പൽ ഹെൽത്ത് വിഭാഗം കൃത്യമായി കെട്ടിടനമ്പറിൽ ഈ കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ റവന്യൂ വിഭാഗം രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

ഉദാ:

വാടക രജിസ്റ്റർ പ്രകാരമുള്ള കെട്ടിട നം ആദ്യവും ഡി ആന്റ് ഓ രജിസ്റ്റർ പ്രകാരമുള്ള കെട്ടിടനം അവസാനവും ചേർത്തിട്ടുണ്ട്

പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളെക്സ്

| കെട്ടിട നം | പേര് | കെട്ടിടം പുതിയ നമ്പർ |
|---|---|---|

| | | |
|---|---|---|
| V/230 | Rajesh Babu | 24/469 |
| V/230 | P N sudheer | 24/456 |
| V/231 | PA Muhamadali | 24/482 |
| V/231 | Rajesh Chandran | 24/462,465 |
| V/271 | Neeraj N | 24/427 |
| V/271 | Secretary vanitha Co-operative society | 24/433 |

C) കെട്ടിട നമ്പറുകൾ രേഖപ്പെടുത്താതെ മാർക്കറ്റ് സ്റ്റാൾ വിഭാഗത്തിൽ CA വർഗ്ഗീസ് ചുക്കിരിയിൽ രണ്ട് സ്റ്റാളുകൾ നടത്തുന്നു.
പഴയ നം XIV/256 ൽ ത്രേസ്യാമ്മ ഡേവിഡ് മോളിപറമ്പിൽ,കെ എൽ ജോസഫ് കട്ടിലപ്പീടിക എന്നിവർ രണ്ട് സ്റ്റാളുകൾ നടത്തുന്നു.
രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തി കാലികമാക്കേണ്ടതാണ്. കെട്ടിട പരിപാലനത്തിന്റെ കാര്യത്തിൽ ഭരണതല നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

# 2-3 ഡിആന്റ് ഓ-ട്രേഡേഴ്സ് തൊഴിൽ നികുതി - സാംഖ്യ ഡിമാന്റും - മാനവൽ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ഡി ആന്റ് ഒ അപേക്ഷകൾ പ്രകാരം സാംഖ്യ യൂട്ടിലിറ്റീസിലെ ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ് നം ജനറേറ്റ് ചെയ്ത ലൈസൻസ് ഫീ അടവാക്കിയവർ 2017-18 കാലയളവിൽ 2098 പേരാണ് (അതിൽ 1693 പേർ 2016-17 ൽ അഡ്വാൻസായി അടച്ചവർ). എന്നാൽ പൊറത്തിശ്ശേരി സോണൽ ഓഫീസിൽ സാംഖ്യ സോഫ്റ്റ്‌വേയർ സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ സോണൽ ഓഫീസിലെ ഡി ആന്റ് ഓ അപേക്ഷകൾ ഒരുമിച്ചാണ് മെയിൻ ഓഫീസിൽ നൽകുന്നത്. ഇവക്ക് ഡിമാന്റ് നം നൽകി സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്നില്ല.ഇപ്രകാരം 807 ഡി ആന്റ് ഓ ഡിമാന്റ് സാംഖ്യയിൽ വന്നിട്ടില്ല.

ഡി ആന്റ് ഒ ലൈസൻസ് ഫീ അടവാക്കിയവരുടെ രജിസ്റ്റർ പുതിയ വാർഡ് ക്രമ പ്രകാരമാണ് എഴുതി സൂക്ഷിക്കുന്നത് (44 വാർഡുകൾ) എന്നാൽ പഴയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് തൊഴിൽ നികുതി അസസ്സ്മെന്റ് രജിസ്ററർ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും, രസീതുബുക്ക്/ഹാൻഡ് ബുക്ക് പ്രകാരം കളക്ഷൻ നൽകുന്നവരുടെ വിവരങ്ങൾ വർഷങ്ങളായി ഡിമാന്റ് ലിസ്റ്റിൽ വരികയും അതിൽ ന്യൂ ലിസ്റ്റുകൾ ഉണ്ടാക്കുകയും ആണ് ചെയ്യുന്നത്. ഒമിഷൻ ലിസ്റ്റ്, വാർഡ് മാറിയവരുടെ ലിസ്റ്റ് ക്രമപ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അതിനാൽ തന്നെ വാണിജ്യാവശ്യങ്ങൾക്കായുള്ള എല്ലാ സ്ഥാപനങ്ങളും കളക്ഷന്റെ പരിധിയിൽ വരണമെന്നില്ല. നേരിട്ട് ഡി ആന്റ് ഒ ലൈസൻസ് (സാംഖ്യയിലൂടെ ഡിമാന്റ് ഇല്ലാതെ) എടുത്ത എല്ലാവരും ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിലും വ്യക്തതയില്ല.

രജിസ്റ്റർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 2494 പേരുടെ ട്രേഡേഴ്സ് തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. 411 ട്രേഡേഴ്സ് തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. 399 സ്ഥാപന തൊഴിൽനികുതിയും അടവാക്കിയിട്ടുണ്ട്. എന്നാൽ 60 ൽ പരം സ്ഥാപനങ്ങളുടെ സ്ഥാപന, ജീവനക്കാരുടെ തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല.

തൊഴിൽനികുതി രജിസ്റ്റർ അപാകതകൾ

15,16,17 പഴയ വാർഡുകളുടെ ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.രജിസ്ററുകളിൽ വാർഡ്, കെട്ടിട നം (വാർഡ് മാറിയ കെട്ടിടങ്ങൾ) കൃത്യമായി രേഖപ്പെടുത്തുകയും സ്ഥാപനം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. സ്ഥാപന ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററും മേൽപ്രകാരം പരിപാലിക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 2-4 2017-18 ലെ 60ൽ പരം സ്ഥാപന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത്.

തൊഴിൽ നികുതി രജിസ്റ്ററിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | സ്ഥാപനം | വാർഡ്/കെട്ടിട നം. | ഒന്നാം | രണ്ടാം |
|---|---|---|---|---|

| നം. | | | അർദ്ധവർഷം | അർദ്ധവർഷം |
|---|---|---|---|---|
| 1. | ഫാന്റസി ഹയർ പർച്ചേസ് | 18 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല. |
| 2. | കല്ലറക്കൽ ഗ്രൂപ്പ് കുറീസ് | 18 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല. |
| 3. | കൂനൻ ജ്വല്ലറി | 18 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല. |
| 4. | സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | 18 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 5. | ഗ്രാമ്യ ഹോട്ടൽ | 18 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 6. | എലഗന്റ് | 19 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 7. | ശ്രീ ഭരത് മെഡിക്കൽസ് | 19 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 8. | ജീവിതം കുറീസ് | 19 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 9. | യൂണികെയർ ക്ലിനിക്ക് & ലാബ് | 19 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 10. | ഖാദി കോപ്പറേറ്റീവ് സൊസൈറ്റി | 19 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 11. | അക്കര തിയ്യറ്റർ | 19 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 12. | വനിത സഹകരണ സംഘം | 19 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 13. | റിലയബിൾ ട്രേഡേഴ്സ് | 19 | ഈടാക്കി. | ഈടാക്കിയിട്ടില്ല |
| 14. | സയൻസ് അക്കാദമി | 19 | ഈടാക്കി | ഈടാക്കിയിട്ടില്ല. |
| 15. | ഇംഗ്ലീഷ് ചിറ്റ്സ് | 19 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 16. | കൊളംബോ ഹോട്ടൽ | 19 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 17. | ഉണ്ണായിവാര്യർ സ്മാരക കലാനിലയം | 19 | ഈടാക്കി | ഈടാക്കിയിട്ടില്ല. |
| 18. | അഡ്മിനിസ്ട്രേറ്റീവ് സെൻട്രൽ എക്സർസൈസ് | 19 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 19. | സെബാട്ട് കുറീസ് | 20 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 20. | ഭാരതീയ വിദ്യാ ഭവൻ | 21 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 21. | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കരുവന്നൂർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ വിവരമില്ല | ഈടാക്കിയിട്ടില്ല. | ഈടാക്കി. |
| 22 | അസിസ്റ്റന്റ് എഞ്ചിനീയർ, KWA PH ഹെഡ് വർക്ക് സെക്ഷൻ, വെള്ളാനി | വാർഡ് നമ്പർ/ കെട്ടിട നമ്പർ വിവരമില്ല | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 23 | മോട്ടോർ ആക്സിഡന്റ് ക്ലെയിം | വാർഡ് നമ്പർ/ കെട്ടിട നമ്പർ വിവരമില്ല | ഈടാക്കിയിട്ടില്ല | ഈടാക്കി |

| | | | | |
|---|---|---|---|---|
| | ട്രിബ്യൂണൽ, ഇരിങ്ങാലക്കട (MACT) | | | |
| 24 | പോലീസ് സ്റ്റേഷൻ, ഇരിങ്ങാലക്കട | വാർഡ് നമ്പർ/ കെട്ടിട നമ്പർ വിവരമില്ല | ഈടാക്കിയിട്ടില്ല (Return വിവരം ലഭ്യമാക്കിയിട്ടില്ല) | ഈടാക്കി |
| 25 | KWA ഇരിങ്ങാലക്കട കരുവന്നൂർ പമ്പിങ്ങ് സ്റ്റേഷൻ (ഇല്ലിക്കൽ പമ്പ് ഹൗസ്) | വാർഡ് നമ്പർ, കെട്ടിട നമ്പർ രേഖപ്പെടുത്തലുകളില്ല | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 26 | ഫ്രണ്ട്സ് പായ്ക്കിങ്ങ് | വാർഡ് നമ്പർ, കെട്ടിട നമ്പർ രേഖപ്പെടുത്തലുകളില്ല | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 27 | വർണ്ണ തിയ്യേറ്റർ | വാർഡ് നമ്പർ, കെട്ടിട നമ്പർ രേഖപ്പെടുത്തലുകളില്ല | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 28 | KA സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | വാർഡ് നമ്പർ, കെട്ടിട നമ്പർ രേഖപ്പെടുത്തലുകളില്ല | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 29 | Post Office, പൊറത്തിശ്ശേരി | വാർഡ് നമ്പർ, കെട്ടിട നമ്പർ രേഖപ്പെടുത്തലുകളില്ല | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 30 | അമൃതം ഫുഡ് മാപ്രാണം | വാർഡ് നമ്പർ, കെട്ടിട നമ്പർ രേഖപ്പെടുത്തലുകളില്ല | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 31 | KPL Oil Mills-മാപ്രാണം | വാർഡ് നമ്പർ, കെട്ടിട നമ്പർ രേഖപ്പെടുത്തലുകളില്ല | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 32 | SBI | വാർഡ് 5 | ഈടാക്കിയിട്ടില്ല | ഈടാക്കി |
| 33 | മുരുകൻ ടെക്സ്റ്റെയിൽസ് | വാർഡ് 5 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 34 | പൈതൃകം ചിറ്റ്സ് | വാർഡ് 5 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 35 | കോട്ടക്കൽ ആയുർവ്വേദശാല | വാർഡ് 5 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 36 | IDBI Bank | വാർഡ് 5 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 37 | അവറാൻ അസോസിയേറ്റ്സ് | വാർഡ് 5 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 38 | വൈദ്യരത്നം ഔഷധശാല | വാർഡ് 5 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 39 | സത്യജിത്ത് സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക സെന്റർ | 6 | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 40 | ജെ.ജെ.ഓട്ടോ | 6 | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 41 | ടൗൺകുറീസ് & ലോൺസ് | 6 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 42 | പരിവർത്തന കുറീസ് | 6 | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 43 | ധനസിംഹ കുറീസ് | 6 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 44 | മനവലശ്ശേരി കുറീസ് | 6 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 45 | എ.കെ.പി. വെസ്സൽസ് | 6 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 46 | ഐവാൻ ചിറ്റ്സ് | 6 | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 47 | ആക്സിസ് ബാങ്ക് | 6 | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 48 | ജയ് സുവർണ്ണ കുറീസ് | 6 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 49 | അന്ന മോട്ടോഴ്സ് | 7 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 50 | അക്കൗണ്ട്സ് സർവ്വീസ് സൊസൈറ്റി | 14 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 51 | പാലാഴി ഡിസ്ട്രിബ്യൂട്ടേഴ്സ് | 14 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 52 | Eee Cee English | 14 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 53 | ജോസ് ആലുക്കാസ് പ്രോപ്പർട്ടീസ് | 14 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 54 | കെ.എൽ. ഫ്രാൻസിസ് & കമ്പനി | 14 | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 55 | കാത്തലിക് സിറിയൻ ബാങ്ക് | 14 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 56 | മിനർവ്വ കുറീസ് | 14 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 57 | ഇന്റിമേറ്റ് മാര്യേജ് ബ്യൂറോ | 14 | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 58 | നന്ദനം സാനിറ്ററീസ് | 14 | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 59 | ഫ്രണ്ട്സ് സിൻഡിക്കേറ്റ് Pvt. Ltd. | 15 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 60 | ICICI prudential LIC | 14 | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 61 | അലീന കുറീസ് | 14 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 62 | ഫ്രട്ടേണൽ ക്രെഡിറ്റ് ഫിനാൻഷ്യൽ സർവ്വീസ് | 14 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 63 | ഈവൻസ് കൺസ്ട്രക്ഷൻസ് | 18 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 64 | പി.എം.ആർ. പ്രോപ്പർട്ടിസ് | 18 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 65 | പ്രൊഫസേഴ്സ് അക്കാദമി | 18 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 66 | മൾട്ടി പർപ്പസ് കോപ്പറേറ്റീവ് സൊസൈറ്റി | 9 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |

<u>രജിസ്റ്റർ അപാകതകൾ</u>

വാർഡ്, കെട്ടിട നമ്പർ എന്നിവ സ്ഥാപനങ്ങൾക്ക് നേരെ രേഖപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനങ്ങൾ ബ്രാഞ്ചുകൾ വേറെയുണ്ടോ എന്നും വ്യക്തമല്ല. സ്ഥാപന അഡ്രസ്സ് പൂർണ്ണമല്ല. ഉദാ. ക്രമ നം. 6, 12, 21, 24, 25, 32, 54, 66 എന്നിവ. സ്ഥാപനങ്ങൾ ആവർത്തിച്ചെഴുതിയതാണോ എന്ന വ്യക്തമല്ല. പുതിയ വാർഡ് പ്രകാരമുള്ളതാണോ എന്നും രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നില്ല. പുതിയ വാർഡ് പ്രകാരം അസസ്സ്മെന്റ് (Form 6 പ്രകാരം) തയ്യാറാക്കിയതനുസരിച്ചുള്ള ഡി&ഒ, സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകൾ, മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് ക്രമപ്രകാരം രേഖപ്പെടുത്തേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള, നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നവയാണെങ്കിൽ, ആയവയുടെ തൊഴിൽ മേധാവിയിൽ നിന്ന റിട്ടേണുകൾ ഡിമാന്റ് ചെയ്തിട്ടുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 27/27.05.19)
തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വിനോദനികുതി-അപാകതകൾ

തീയറ്ററുകളിൽ നിന്നുള്ള ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഫയൽ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. മാസ്സ് തിയറ്ററിൽ നിന്നുള്ള 1.6.2017 മുതൽ 30.6.2017 വരെയുള്ള സർവ്വീസ് സെസ്സ് ഈടാക്കിയിട്ടില്ല. ടിക്കറ്റ് ഇഷ്യൂ രജിസ്റ്ററിൽ ആകെ തുക രേഖപ്പെടുത്തുകയോ സെക്രട്ടറി ആധികാരികമാക്കുകയോ ചെയ്തിട്ടില്ല. തീയറ്ററുകളിൽ നിന്നുള്ള ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഫയൽ ഇല്ലാത്തതിനാൽ അക്കൗണ്ട്സ് പ്രകാരം വിനോദ നികുതി ഇനത്തിൽ 2,003,955/-രൂപ വരവുള്ളത് ഡെയ് ലി കളക്ഷൻ റിപ്പോർട്ട് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് സ്ഥിരീകരിയ്ക്കുവാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം 45/30.5.2019). തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 പൊതുമരാമത്ത് - 27 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന കരാറുകാർ വിവിധ പദ്ധതി പ്രവൃത്തികൾക്കായി 2017-18 ൽ സെക്യൂരിറ്റി നിക്ഷേപം നൽകി കരാർ വെച്ചിട്ടുണ്ട്.

| ക്രമനം | പേര് |
|---|---|
| 1 | C D ജോണി |
| 2 | സുനിൽകുമാർ ടി സി |
| 3 | കെ എ ഗോപകുമാർ |
| 4 | ഷിജു എം ടി |
| 5 | ടി എസ് കുട്ടപ്പൻ |
| 6 | ജോൺസൺ എവി |
| 7 | ബിജോയ് പോൾ |
| 8 | ടി എ മൂസ |
| 9 | ബാബു സി എഫ് |
| 10 | എൻ വി രമേഷ് |
| 11 | ടി പി ജോയ് |
| 12 | ജിഗിൻ കെ എസ് |
| 13 | റോജോ ജോസ് |
| 14 | മുരളി പി എൻ |
| 15 | വർഗ്ഗീസ് കെ എൽ |
| 16 | പാപ്പച്ചൻ പി കെ |
| 17 | പ്രജിത്ത് കെ എൻ |
| 18 | ടോമി ഐ കെ |
| 19 | കെ ബി വിശ്വംഭരൻ |
| 20 | ജോൺവിൻ ജോൺ |
| 21 | കെ ബിനോയ്നാഥ് |
| 22 | നാരായണൻ പി ആർ |
| 23 | ടി സി സന്തോഷ് |
| 24 | സി എ ബെന്നി |
| 25 | ജോൺസൺ കെ കെ |
| 26 | Wellam P S |
| 27 | ജിൻസൺ ജി ടി |

മേൽ രേഖപ്പെടുത്തിയിട്ടുള്ള 27 കരാറുകാരുടെ തൊഴിൽ നികുതി അടവാക്കിയതായി ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതു പ്രകാരം നൽകിയ ഓഡിറ്റ് അന്വഷണത്തിനു (നം.37/29.5.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-7 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം പുന പരിശോധിക്കണം

ഇരിങ്ങാലക്കുട നഗരസഭാ പരിധിയിൽ ഉള്ള ആകെ 4 ടവറുകളുടെ വസ്തുനികുതി ഈടാക്കി വരുന്നതായും അനധികൃതമായി ടവറുകൾ ഒന്നും പ്രവർത്തിക്കുന്നില്ലായെന്നും ഓഡിറ്റ് എൻക്വയറി നം 25/27.5.19 ന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ATC Telecom Tower ഒഴിച്ച് (വസ്തു നികുതി 9224/- രൂപ, കുടിശ്ശിക 18448/-) മറ്റു ടവറുകളുടെയും പ്ലിന്ത് ഏരിയ വിവരം, വസ്തുനികുതി അസസ്സ്മെന്റ് വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഈ ടവറുകൾക്ക് വാർഷിക വാടക അടിസ്ഥാനത്തിലുള്ള വസ്തു നികുതിയാണ് ഈടാക്കിവരുന്നത്. വസ്തുനികുതി വിവരം ചേർക്കുന്നു.

| ഓപ്പറേറ്ററുടെ പേര് | വാർഡ്/ കെട്ടിട നം. | ഒക്യുപൻസി നൽകിയ വർഷം | നിർണ്ണയിച്ച നികുതി. | നികുതി കുടിശ്ശിക |
|---|---|---|---|---|
| വോഡോഫോൺ എസ്സാർ ടവർ | XVI/238(16) പുതിയ കെട്ടിട നം ലഭ്യമല്ല | 16.11.2006 | 1824 | 22800(12.5 വർഷം,RR നടപടി സ്വീകരിച്ചിട്ടില്ല) |
| റിലയൻസ് കമ്മ്യൂണിക്കേഷൻ | XV/3A(XVI/211 പുതിയത്) | 11/2002 | 4816 | 24080(5 വർഷം) |
| BPL Tower | XXI/54(XXVI/97 പുതിയത്) | 13/12/1999 | 848 | 5936(7 വർഷം,RR നടപടി സ്വീകരിച്ചിട്ടില്ല) |

ഒരു ടവറിന്റെ വിസ്തീർണം കണക്കാക്കുമ്പോൾ അനുബന്ധ ഘടകങ്ങളായ ടവർ, ഡിജിസെറ്റ്, ഷെൽട്ടർ എന്നിവ കൂടി കണക്കിലെടുക്കേണ്ടതാണ്. ഇത്തരത്തിൽ വിസ്തീർണം കണക്കാക്കുമ്പോൾ ഒരു ടവറിന് കുറഞ്ഞത് 20 ച.മീറ്റർ എങ്കിലും വിസ്തീർണം ഉണ്ടാകേണ്ടതാണ്. എസ്.ആർ.ഒ നം.36/2011 വിജ്ഞാപന പ്രകാരം പ്രാബല്യത്തിൽ വന്ന 14.1.11 മുതൽ ബാധകമായ നിരക്കുകൾ പരിഗണിച്ചാൽ മൊബൈൽ ടെലിഫോൺ ടവറുകൾക്ക് ച.മീറ്ററിന് 500 രൂപയാണ് കുറഞ്ഞ നിരക്കായി നിശ്ചയിച്ചിട്ടുള്ളത്. ആയതു പ്രകാരം ഓരോ ടവറിനും കുറഞ്ഞത് 20 ച.മീറ്റർ വിസ്തൃതി കണക്കാക്കുമ്പോൾ ലഭിക്കേണ്ട കുറഞ്ഞതുകയായ 10,000 രൂപയ്ക്ക് പകരമായി നിലവിൽ ലഭിക്കുന്നത് മേൽ പ്രകാരം സൂചിപ്പിച്ചിട്ടുള്ള നാമമാത്രമായ തുകയാണ്. ഈ തുക പോലും സമയബന്ധിതമായി ഈടാക്കാനാവാത്തത്, RR നടപടി സ്വീകരിക്കാത്തത് നഗരസഭയുടെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ നിലവിൽ കണക്കാക്കിയിട്ടുള്ള വിസ്തീർണം പുനപരിശോധിക്കുകയും പുതിയ നിരക്കിൽ നികുതി പുനർ നിർണയിക്കുന്നതിനാവശ്യമായ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# 2-8 അനധികൃത നിർമ്മാണം-നികുതി ഈടാക്കണം-തുടർ നടപടി സ്വീകരിക്കണം.

I)താഴെ പറയുന്ന അനധികൃത കെട്ടിടങ്ങൾ UA രജിസ്റ്ററിൽ ഉൾപ്പെടുന്നതും വസ്തുനികുതി കുടിശ്ശിക ഉള്ളവയുമാണ്.

| ക്രമ നം | വാർഡ് | കെട്ടിടനം | പേര് | വസ്തുനികുതി | തൻവർഷം നികുതി അടക്കം കുടിശ്ശിക |
|---|---|---|---|---|---|
| 1 | V | 117A | കെ ചന്ദ്രൻ മൂപ്പരത്തി | 1152 | 10368 |
| 2 | VIII | 161B | ജിനിറ്റ് മാത്യൂസ് | 81114 | 162228 |
| 3 | XII | 283(1) | ഡോൺ ബോസ്കോ സ്കൂൾ | 64188 | 160470 |
| 4 | XII | 285(1) | ഡോൺ ബോസ്കോ സ്കൂൾ | 21930 | 32895 |
| 5 | VI | 611(E1) | ജോഷി ചെറാക്കുളം | 73746 | 294984 |

ടി കെട്ടിടങ്ങളിൽ ക്രമ നം 1,5 എന്നിവക്കെതിരെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 242 പ്രകാരം തുടർനടപടികൾ സ്വീകരിക്കുകയോ ടി നിയമം വകുപ്പ് 282 പ്രകാരം നികുതി ചുമത്തേണ്ട തീയതി മുതൽ നാലു വർഷത്തിനുള്ളിൽ നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല.

II) വ്യാപാരഭവൻ പാർക്കിംഗ് ഏരിയയിൽ പ്രവർത്തിക്കുന്ന 3 കെട്ടിടങ്ങൾക്ക് ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെട്ട ഈ കെട്ടിടങ്ങൾക്ക് XX/560, 561, 563 എന്നീ കെട്ടിട നമ്പർ നൽകുകയും വസ്തുനികുതി ഈടാക്കിവരികയും ചെയ്യുന്നുണ്ട്. ടി കെട്ടിടങ്ങൾ അധികൃതമായതിനാലും വസ്തുനികുതി കുടിശ്ശികയില്ലാത്തതിനാലും ആണ് ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചതെന്നാണ് ഹെൽത്ത് വിഭാഗം വിശദീകരിച്ചത്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണചട്ടങ്ങൾ ചട്ടം 34 പ്രകാരമുള്ള പാർക്കിംഗ് ഏരിയ കെട്ടിടത്തിന് ഉണ്ടാകേണ്ടതാണ്. നഗരസഭ നൽകിയ നിർമ്മാണാനുമതിക്കും ഒക്യുപൻസിയ്ക്കും വിരുദ്ധമായി പാർക്കിംഗ് ഏരിയ വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തിയതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 42/30.5.19 മറുപടി ലഭ്യമാക്കിയിട്ടില്ല.ഇക്കാര്യത്തിൽ സ്ഥല പരിശോധന നടത്തി പൊളിച്ചുമാറ്റാൻ നിർദ്ദേശിക്കാവുന്നതും പാർക്കിംഗ് ഏരിയ പുനസ്ഥാപിക്കാവുന്നതുമാണ്.
നഗരസഭയോട് തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന ഈ ഒരു സ്ഥാപനത്തിൽ അനധികൃതമായി നടത്തിയ നിർമ്മാണ പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിക്കാമായിരുന്നിട്ടും നടപടി സ്വീകരിക്കാത്തത് നഗരസഭയുടെ അനാസ്ഥയായി വിലയിരുത്തുന്നു.

III)UA രജിസ്റ്ററിൽഉൾപ്പെട്ട കെട്ടിട നം XIX/314B UA,XX/155UA എന്നിവയുടെ നികുതി വാർഷീക വാടക നിരക്കിലാണ് നിർണ്ണയിച്ചിട്ടുള്ളത്.നികുതി പരിഷ്കരണം നടത്തി പുതിയ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതാണ്.
IV)കെട്ടിട നം VI/803B UA എന്ന അനധികൃത ഓഫീസ് കെട്ടിടത്തിന്റെ ഏരിയ(269m2) ക്ക ആനുപാതികമായി നിശ്ചയിച്ച വസ്തുനികുതി (269*70+35% = 50844 വർദ്ധനവ്) 25422 രൂപയാണ് മൂന്നിരട്ടി തുകയായ 76266/- ഡിമാന്റ് ചെയ്യുന്നതിനു പകരം ഡിമാന്റ് ചെയ്തിട്ടുള്ളത്. വ്യത്യാസം 50844 വരവിനത്തിലെ ഈ നഷ്ടം നികത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539 പ്രകാരം മൂന്ന് വർഷങ്ങൾക്ക് മുൻപുള്ള നികുതി ഡിമാന്റ് ചെയ്യാതിരുന്നാൽ അത് കാലഹരണപ്പെടുന്നതും കക്ഷിക്ക് അടക്കാൻ ബാധ്യതയില്ലാത്തതുമാണ്. ആയതു പ്രകാരം 2015-16 വർഷം വരെയുള്ള നികുതികാലഹരണപ്പെട്ടതായാണ് കാണുന്നത്. അതേസമയം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ തുക കാലഹരണപ്പെടുന്നതിന് കാരണക്കാരനായ ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം ഈടാക്കുന്നതിന് ടി വകുപ്പ് ഉപവകുപ്പ് (2) ൽ നിർദ്ദേശിക്കുന്നുണ്ട്. ആയതിനാൽ നിലവിലെ വിസ്തീർണ്ണത്തിനാനുപാതികമായി പുതിയ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് അനധികൃത നിർമ്മാണങ്ങൾക്ക് ചുമത്താവുന്ന നികുതി നിശ്ചയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, നികുതി കാലഹരണപ്പെടുന്നതിന് ഇടയായ സാഹചര്യങ്ങൾ പരിശോധിച്ച് ഉത്തരവാദികളിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 2-9 നഗരസഭ - പഴയകെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്ക്കരണം നടത്തിയിട്ടില്ല-അവലോകനം

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നഗരസഭ വസ്തുനികുതി പരിഷ്കരണം വരുത്തേണ്ടതാണ്. 15.03.2013 ലെ സ.ഉ(അ) നമ്പർ 100/2013/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരം പുതിയ 41 വാർഡുകളിലും പുതിയ കെട്ടിട നം നൽകി വസ്തുനികുതി പരിഷ്ക്കരണം നടപ്പിലാക്കുന്നതിനു (1.4.2013 മുതൽ പ്രാബല്യത്തിൽ) ഉത്തരവായിട്ടുള്ളതാണ്. വസ്തുനികുതി പരിഷ്കരണം ഫയൽ പരിശോധിച്ചതിൽ (ഫയൽ നമ്പർ R1- 5953/07) മുനിസിപ്പാലിറ്റിയിൽ 27.12.2011 ലെ 27ാം കൗൺസിൽ തീരുമാനപ്രകാരം ആണ് (തീരുമാനത്തിൽ 1.4.2011 മുതൽ 5 വർഷത്തേക്ക്) അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടത് എന്ന് തീരുമാനമെടുത്തെങ്കിലും പഴയ കെട്ടിടങ്ങൾക്ക് ഈ നിരക്ക് നടപ്പാക്കിയിട്ടില്ല, എന്നാൽ 6.3.19 ലെ തസ്വഭ (RC)വകുപ്പ് സർക്കാർ ഉത്തരവു (സാധാ) 540/19 പ്രകാരം 1.4.2016 മുതൽ നികുതി പരിഷ്കരണം നടപ്പിലാക്കിയാൽ മതി എന്നും 2019ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള സമയത്തിൽ സഞ്ചയ ഡാറ്റാ എൻട്രി മുതൽ അപ്രൂവൽ വരെയുള്ള നടപടിക്രമങ്ങൾക്ക് സാവകാശവുംനൽകിയിട്ടുണ്ട്. നിലവിൽ സോണൽ ഏരിയയുടെ ബേസ് ഡാറ്റായുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്.എന്നാൽ ഫോറം 6 ലെ ഡാറ്റാ എൻട്രി വേരിഫിക്കേഷൻ നാളിതുവരെ നടപ്പാക്കിയിട്ടില്ല. (വസ്തുനികുതി പരിഷ്കരണം പുതിയ ഫയൽ നമ്പർ R1- 6190/18 )

a)വസ്തുനികുതി പരിഷ്കരണം വൈകുന്നതിനാൽ നഗരസഭയ്ക്കുണ്ടാവുന്ന നഷ്ടം ഉദാഹരണമായി താഴെ ചേർക്കുന്നു.

<u>വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം</u>

| കെട്ടിടനമ്പർ | വസ്തുനികുതി (ഈടാക്കുന്നത്) | വിസ്തീർണ്ണം / M2 | അടിസ്ഥാന വസ്തുനികുതി (പുതിയ നിരക്കിൽ) | നഷ്ടം |
|---|---|---|---|---|
| XXVI/397(New) V/330A (സണ്ണി സിൽക്ക്സ് | 13840 | 258m2 | 48762/- (258X140 വർദ്ധനവ് 35% മായി നിജപ്പെടുത്തി,പഴക്കം പത്തിൽ കുറവ്) | 34922 |
| XII/773(4)New VI/803B3(Old) | 37404 | 554.09m2 | 68763 | 89209 |

| | | | | |
|---|---|---|---|---|
| | | | (554.09x140 വർദ്ധനവ് 15% മായി നിജപ്പെടുത്തി,പഴക്കം പത്തിൽ കുറവ്) | |
| VI/433(Old) XII/666(New) | 46080 | 1077.69m2 | 188596 (1077.69x140 വർദ്ധനവ് 35% മായി നിജപ്പെടുത്തിയത്,പഴക്കം പത്തിൽ കൂടുതൽ) | 142516 |
| XII/773(5)New VI/803B4Old) | 43836 | 649.40m2 | 104553 (649.40x140 വർദ്ധനവ് 15% മായി നിജപ്പെടുത്തി,പഴക്കം പത്തിൽ കുറവ്) | 60717 |
| XII/773(6)New VI/803B5Old) | 48706 | 721.56m2 | 116171/- (721.56x140 വർദ്ധനവ് 15% മായി നിജപ്പെടുത്തി,പഴക്കം പത്തിൽ കുറവ്) | 67465 |
| XXI/546ANew VI/49AOld) | 177184 | 10648.30m2 | 17,14,376 (10648.30x140 വർദ്ധനവ് 15% മായി നിജപ്പെടുത്തി,പഴക്കം പത്തിൽ കുറവ്) | 15,37,192 |
| VI/905c | 14980 | 196.44m2 | 15913(196.44x90വർദ്ധനവ് ഇല്ലാതെ നിജപ്പെടുത്തി,പഴക്കം പത്തിൽ കൂടുതൽ) | 933 |
| VI/905D | 14980 | 143m2 | 11583(143x90വർദ്ധനവ് ഇല്ലാതെ നിജപ്പെടുത്തി, പഴക്കം പത്തിൽ കൂടുതൽ) | (-3397 കൂടുതൽ) |

b)വാർഷിക വാടക നിരക്കിൽ നികുതി നിർണ്ണയിച്ച പല കെട്ടിടങ്ങളുടെയും അസസ്സ്മെന്റ് വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ഉദാ:കെട്ടിടനം XXII/739(new), XII/591(new), XIV/674, 675, 676, 677, XV/737, XV/748, 749.

2015-2016,2016-17,2017-18സാമ്പത്തിക വർഷങ്ങളിലെ വസ്തു നികുതി ഡിമാന്റ് യഥാക്രമം 26, 029, 207, 32, 358, 314, 43, 919, 709 രൂപയാണ്. മൂവായിരത്തിൽപ്പരം വാണിജ്യവ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഇരിങ്ങാലക്കട നഗരസഭയിൽ പഴയകെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം നടപ്പാക്കാത്തതിനാൽ കോടികളുടെ വരവ് നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കാവുന്നതാണ്. സഞ്ചയസോഫ്റ്റ് വെയറിൽ നമ്പർ നൽകി കെട്ടിടങ്ങളുടെ വിവരങ്ങൾ ഡാറ്റാഎൻട്രി വേരിഫൈ ചെയ്യുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതും മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ അസസ്സ്മെന്റ് (ഫോം 6 ) പ്രകാരം നികുതി ഈടാക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്.

വസ്തുനികുതിപരിഷ്കരണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഏറെക്കുറെ സാമ്പത്തിക ഭദ്രത ഉറപ്പാനാകും എന്നിരിക്കെ നികുതി പരിഷ്കരണം നാളിതുവരെ പൂർത്തിയാക്കാത്തത് നഗരസഭയുടെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പരിഷ്കരണം ദ്രുതഗതിയിൽ പൂർത്തീകരിയ്ക്കേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്.

## <u>ഭാഗം -3</u>

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 സർക്കാർ ഉത്തരവില്ലാതെ അംഗീകൃതമല്ലാത്ത തസ്തികകൾ നിലനിർത്തിയിരിക്കുന്നു.

26/02/2016 ലെ സർക്കാർ ഉത്തരവ് (പി) നം.28/2016/ധന ഉത്തരവ് പ്രകാരം സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ അംഗീകൃതമല്ലാത്ത പോസ്റ്റുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കരുത് എന്ന് വ്യക്തമാക്കിയിരുന്നു. പിന്നീട് 11/01/2019 ലെ 03/2019/ധന സർക്കുലർ പ്രകാരവും ഇക്കാര്യം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഇരിഞ്ഞാലക്കുട നഗരസഭയിൽ അനുവദനീയമല്ലാത്ത പോസ്റ്റുകളിൽ നിലവിൽ മൂന്ന് ഡ്രൈവർ തസ്തികകളുണ്ട്. ഇവയ്ക്ക് സർക്കാർ അനുവാദം ലഭ്യമായിട്ടില്ലാത്തതാണ്. ഈ തസ്തികകളിൽ സർക്കാർ അനുമതി നേടുന്നതിന് നടപടി എടുക്കേണ്ടതാണ്.

എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനങ്ങൾ. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം.

കേരള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കംപൾസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് 1959. റൂൾസ് 1960 എന്നിവ പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നടക്കുന്ന താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണ് നടക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇരിഞ്ഞാലക്കുട നഗരസഭയിൽ നാല് ഡ്രൈവർമാരുടെ നിയമനം, ഒരു രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ നിയമനം എന്നിവ എംപ്ലോയ്മെന്റ് മുഖാന്തിരമല്ല നടന്നത് എന്ന് 4-ാംഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ നഗരസഭ വ്യക്തമാക്കിയിട്ടുണ്ട്. നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-2 ടാർ സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ് -അപാകതകൾ

ഏതാനും വർഷങ്ങളായി നഗരസഭ കരാറുകാർക്ക് ടാർ വാങ്ങി നൽകാറുണ്ട്. സ്റ്റോക്ക് രജിസ്റ്റർ വിശദമായി പരിശോധിച്ചതിൽ. രജിസ്റ്റർ പേജ് 17 പ്രകാരം 07/03/2017 തിയ്യതിയിൽ 12903 kg VG10 ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പിന്നീട് പേജ് നമ്പർ 18 മുതൽ 49 വരെ പേജുകൾ പരിശോധിച്ചതിൽ തുടർന്ന് വാങ്ങിയ VG30, RS1, SS1 എന്നിവ ആകെ വാങ്ങിയ ബാരലിന്റെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയത്. സ്റ്റോക്ക് രജിസ്റ്ററിൽ മെറ്റീരിയൽ അഡിക്ക്വസി മാത്രമാണ് എഴുതുന്നത്. ഓരോരുത്തർക്കും എത്ര ബാരൽ നൽകുന്നു എന്ന് രേഖപ്പെടുത്തുന്നില്ല. ഓരോ ട്രാൻസാക്ഷന ശേഷവും എത്ര ബാരൽ ബാലൻസ് ഉണ്ട്എന്ന് രേഖപ്പെടുത്തി വരുന്നില്ല. ബാരൽ കണക്കിനു മാത്രമേ ടാർ നൽകാവൂ എന്നിരിക്കെ യഥാർത്ഥ അഡിക്ക്വസിക്കു ശേഷം വരുന്ന ബാലൻസ് ടാർ കോൺട്രാക്ടർമാർ തമ്മിൽ കൈമാറുന്നുണ്ടെന്നാണ് എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചത്. എന്നാൽ ഇങ്ങനെ ഒരു കൈമാറ്റം നടന്നു എന്ന് തെളിയിക്കാനാവശ്യമായ ഒരു രേഖയും രജിസ്റ്ററിലോ, എം ബുക്കിലോ ചേർത്തു കാണുന്നില്ല. ഒരു കോൺട്രാക്ടറിൽ നിന്ന് മറ്റൊരു കോൺട്രാക്ടർ ടാർ വാങ്ങുന്ന സംഗതിയിൽ വാങ്ങുന്ന ആളുടെ നഗരസഭാസപ്ളൈയിൽ ആനുപാതികമായി കുറവു വരേണ്ടതാണ്. എന്നാൽ ഇത്തരമൊരു കുറവ് സംഭവിക്കുന്നതായി എവിടേയും രേഖപ്പെടുത്തി വരുന്നില്ല. എം ബുക്കിൽ കാലി ബാരലിന്റെ വില കുറച്ചതായി കാണുന്നുണ്ട്. അതു പ്രകാരം നോക്കിയാൽ പല പ്രവർത്തികളിലും അധികം ടാർ നൽകിയതായി കരുതാവുന്നതാണ്.

ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

ടാർ സ്റ്റോക്ക് രജിസ്ററർ പരിശോധിച്ചതിൽ പേജ് 50, 51 എന്നിവ പ്രകാരം കെ.ബി.വിശ്വംഭരൻ എന്ന കരാറുകാരന് താഴെ ചേർക്കുന്ന അഞ്ച് പ്രോജക്ടുകളിൽ ടാർ ഇഷ്യൂ ചെയ്തതായി കാണിച്ചിരിക്കുന്നു. ആവശ്യകത ഉള്ള ടാർ ഇഷ്യൂ ചെയ്തതായാണ് കാണിച്ചിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ ബാരലിന്റെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഇഷ്യൂവിനു ശേഷമുള്ള ബാലൻസ് സ്റ്റോക്കും കാണിച്ചിട്ടില്ല. എന്നാൽ എം ബുക്ക് പ്രകാരം ആകെ ഇഷ്യൂ ചെയ്ത കാലി ബാരലിന്റെ വില കുറവു ചെയ്തിട്ടുണ്ട്.

നി.ഉ.അസി.എഞ്ചിനീയർ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | സ്റ്റോക്ക് പ്രകാരം ആവശ്യകത | ബാരലിൽ കണക്കാക്കിയാൽ | യഥാർത്ഥ ളക്കം | അധികം നൽകിയത് | എം. ബുക്ക് നമ്പർ | എം.ബുക്ക് പ്രകാരം കുറവു ചെയ്ത കാലി ബാരലിന്റെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 274/18.ഇത്തിക്കുളം നമ്പ്യാകാവ് റോഡ് റീടാറിംഗ് | RS1-290.25kg VG30-2856.46kg | RS1-2 . VG.30-19 | RS1-364 VG30-2964 | Rs1-73.75@36.013 =2655.9. VG30-107.54@34.47 =3706.9. കൺവേയൻസ്-181. ആകെ.6543 | 189/17 | 21 |
| 2 | 273/18.ഇത്തിക്കുളം കോളനി റോഡ് നിർമ്മാണം | VG30-1076.1kg RS1-140.25kg SS1-433.5 | VG30-7 RS1-1. SS1-3. | VG30-1092kg. RS1-182kg. SS1-546kg | VG30-159@34.47 =548. RS1-41.75@36.013 =1503.5. SS1-112.5@69.5 =7818.75. | 185/17 | 11 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | കൺവേയൻസ്.168. ആകെ.10038. | | |
| 3 | 339/18.കുഴിക്കാട്ടുകോണം നമ്പ്യാകാവ് റോഡ് | VS30-4728.2kg SS1-475.52kg | VG30-31. RS1-3 | VG30-4836kg RS1.546kg | VG30-107.8@34.47 =3715.17. RS1.70.48@36.013 =2538.19 കൺവേയൻസ്-177 ആകെ-6430 | 223/17 | 34 |
| 4 | 334/18.കൊക്കരച്ചാൽ ഇത്തിക്കളം റോഡ് റെനോവേഷൻ | VG30-1030kg RS1-118.26kg SS1-234.09kg | VG30-7. RS1-1. SS1-2 | VG30-1092kg. RS1-182kg. SS1-364kg | 62@34.47 =2137kg. RS1-63.74@36.013 =2295. SS1-129.91@69.5 =9028.74. ആകെ 13714. | 184/19 | 10 |
| 5 | 481/18.ഇത്തിക്കളം അമ്പലം ലിങ്ക് റോഡുകൾ അഭിവൃദ്ധിപ്പെടുത്തൽ | VG30-813.62kg RS1-106.04kg SS1-327.76kg | VG30-6. RS1-1. SS1-2. | VG30-936kg. RS1-182kg. SS1-364kg | 120.7@35.22 =4251. RS1-75.74@37.62 =2849. SS1-35.56@69.5 =2474. കൺവേയൻസ്-230. ആകെ - 9804 | 209/17 | 9 |

ആകെ.6543+10038+6430+13714+9804=46529

എം ബുക്ക് പ്രകാരം എണ്ണം കുറച്ച കാലി ബാരലിന്റെ കണക്കിൽ ആവശ്യമുള്ളതിനേക്കാളേറെ ടാർ കരാറുകാരന് നൽകിയതായി വിലയിരുത്താം. എന്നാൽ മൊത്തം അഞ്ചു വർക്കിന്റെ ആവശ്യകത കണ്ട് ബാരലിന്റെ എണ്ണം കുറച്ചതായോ, അധികം നൽകിയ ടാറിന്റെ വില ഈടാക്കിയതായോ കാണുന്നില്ല. മറ്റ് പ്രവർത്തികളിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയതിന്റെ രേഖയും ഇല്ല.

2017-18 വർഷത്തിൽ മാത്രം 1394268 രൂപക്ക് ടാർ വാങ്ങിയതായി എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം കണക്കുണ്ട്. ഇത്രയും വില ചിലവിട്ട് വാങ്ങുന്ന ടാർ സ്റ്റോക്ക് അശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടു വരുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ.

1. നിലവിൽ മൂന്നു തരം ഇനങ്ങളാണ് നഗരസഭ വാങ്ങുന്നത്. Vg30, Rs1, Ss1 ഇവക്ക് പ്രത്യേകം സ്റ്റോക്ക് പേജുകൾ നിലവിൽ നൽകിയിട്ടില്ല. ഇവയ്ക്ക് പ്രത്യേകം സ്റ്റോക്ക് പേജുകൾ നൽകേണ്ടതാണ്.

2. ഇഷ്യൂ ചെയ്യുന്ന ബാരലിന്റെ എണ്ണം അഡിക്വസിയോടൊപ്പം നിർബന്ധമായും രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

3.ബാരൽ നൽകുമ്പോൾ അധികം വരാവുന്ന ടാർ അളവ് ഏത് കോൺട്രാക്ടർക്ക് കൈമാറും എന്നതോ അല്ലാത്ത പക്ഷം കൈമാറുന്ന അവസരത്തിലോ കോൺട്രാക്ടറിൽ നിന്ന് രേഖാമൂലം അറിയിപ്പ് വാങ്ങി സ്റ്റോക്കിൽ ചേർക്കേണ്ടതും അറിയിപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

4.ഏത് വർക്കിനാണോ മേൽപ്രകാരം ടാർ ട്രാൻസ്ഫർ ചെയ്ത് നൽകിയത് അങ്ങിനെ വരുന്ന സംഗതികളിൽ അഡിക്ക്വസിയിൽ ബാരലിൽ വരുന്ന കുറവ് രജിസ്റ്റർ പ്രകാരം ആ വർക്കിന്റെ ടാർ ഇഷ്യൂ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കേണ്ടതാണ്.

5. നിലവിൽ (ഈ മൂന്നിനത്തിലും) എത്ര ബാരൽ ടാർ സ്റ്റോക്ക് ഉണ്ട് എന്നതു സംബന്ധിച്ച് നഗരസഭയിൽ ഒരു കണക്കും ഇല്ല. നിലവിലെ സ്റ്റോക്ക് അടിയന്തിരമായി തിട്ടപ്പെടുത്തേണ്ടതും അത് പ്രകാരം ഭാവികണക്കുകൾ തയ്യാറാക്കേണ്ടതുമാണ്.

6. സ്റ്റോക്ക് രജിസ്റ്റർ ഇനിയും കൃത്യമായി സൂക്ഷിക്കാത്ത പക്ഷം ഈ ഖണ്ഡികയിൽ ഉദാഹരിച്ചതിന് സമാനമായി വരും ഓഡിറ്റുകളിൽ മുഴുവൻ പ്രവർത്തികളിലും നഷ്ടം കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാക്കി മാറ്റുന്നതാണ്.

# 3-3 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ടാർ ബാലൻസിന്റെ 12903 കി.ഗ്രാം. യാർഡിൽ സൂക്ഷിച്ചിരിക്കുന്നു.

നഗരസഭയുടെ ടാർ സ്റ്റോക്ക് രജിസ്റ്റർ പേജ് 17ൽ 07/03/2017 തിയ്യതിയിൽ 12903.4 കി.ഗ്രാം vg10 ടാർ ബാക്കിയുള്ളതായി ചേർത്തിട്ടുണ്ട്. പിന്നീട് പുതുക്കിയ സ്പെസിഫിക്കേഷനിലുള്ള ടാറിംഗ് പ്രവർത്തിയാണ് നടന്നിട്ടുള്ളത്. ഇതിനായി കൊണ്ടു വന്നിട്ടുള്ളത് vg30 ആണ്. ഉപയോഗിക്കാത്ത മേൽ പറഞ്ഞ vg10 12903 കിലോയ്ക്ക് രജിസ്റ്ററിൽ ചേർത്ത വില കൺവേയൻസ് കൂടാതെ 43.78 രൂപയാണ്. ഈ നിരക്കിൽ

ആകെ സ്റ്റോക്കിലുള്ള ടാറിന്റെ വില 564910 രൂപയാണ്. ഈ ടാർ പല വട്ടം ലേലം ചെയ്യാൻ ശ്രമിച്ചിട്ടും നടന്നിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ആവശ്യകത കണക്കാക്കാതെ ടാർ വാങ്ങിയതാണ് ഇതിനു കാരണമെന്ന് വിലയിരുത്താവുന്നതാണ്.
ടാർ ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.3, തീയതി.16.05.2019)

# 3-4 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം വ്യക്തമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ. 305/18

എഗ്രിമെന്റ് നമ്പർ.84/17-18 തി.06/02/2018

കരാറുകാരൻ.മുരളി.പി.എൻ

ബിൽ നമ്പർ.125/17-18 തിയ്യതി. 31/03/2018

ഫയൽ നമ്പർ. Pw1-11055/17

നെയ്ത്തുശാല പട്ടരുമഠം മൂർക്കനാട് റോഡ് – ഡ്രൈനേജ് കൾവർട്ട് കൺസ്ട്രക്ഷന്റെ ഭാഗമായി എംബുക്ക് 305/18 പേജ് 1,2,3,22 എന്നിവയിൽ രേഖപ്പെടുത്തിയത് പ്രകാരം 147.91 m3 ഐറ്റം നമ്പർ 1-ായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇതിനായി 30144രൂപ ചെലവിട്ടിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ എവിടേയും ചേർത്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ മണ്ണ് നഗരസഭയുടെ ബണ്ട് നിർമ്മാണത്തിന് ഉപയോഗിച്ചതായി പറയുന്നു.

കൗൺസിൽ നിർദ്ദേശമുള്ളതായി പറയുന്നില്ല. എന്നാൽ ഇത് എവിടേയും രേഖപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം/ ഡിസ്പോസൽ എന്നിവ എംബുക്കിൽ രേഖപ്പെടുത്തി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മൺ പണികളിൽ അധികം വരുന്ന മണ്ണ് ലേലം വിളിച്ചു നൽകുകയോ കൗൺസിൽ നിർദ്ദേശപ്രകാരം സ്വന്തം പ്രവർത്തികൾക്ക് ഉപയോഗിക്കുകയോ ചെയ്യേണ്ടതാണ്.
കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ വ്യക്തമാക്കിയിട്ടില്ല. 30144 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
(എൻക്വയറി നമ്പർ.23/23.05.2019)

# 3-5 സ്വച്ഛ് ഭാരത് മിഷൻ ഗാർഹിക ശൗചാലയങ്ങൾ - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെൽത്ത് ഓഫീസർ
സ്വച്ഛ് ഭാരത് മിഷൻ ഗാർഹിക ശൗചാലയങ്ങൾ പണിയുന്നതിനു വേണ്ടി താഴെ ചേർക്കും പ്രകാരം തുക ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയെ തുടർന്ന് ഹാജരാക്കിയ ഫയലിൽ താഴെ ചേർക്കുന്ന വൗച്ചറുകളുമായി ബന്ധപ്പെട്ട് പരിശോധന സാധ്യമായില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 67-09/17 | 28/09/2017 | 25000 |
| 2 | 68-09/17 | 28/09/2017 | 24000 |
| 3 | 69-09/17 | 28/09/2017 | 14400 |
| 4 | 33-11/17 | 07/11/2017 | 15400 |
| 5 | 64-12/17 | 14/12/2017 | 26400 |
| 6 | 13-01/18 | 03/01/2018 | 8000 |
| 7 | 52-01/18 | 12/01/2018 | 13000 |
| 8 | 47-03/18 | 15/03/2018 | 10400 |

ആകെ-136600

വിശദാംശങ്ങളുടെ അഭാവത്തിൽ 136600 രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ.24/23.05.2019)

# 3-6 ഇരിഞ്ഞാലക്കുട നഗരസഭയിലെ മാലിന്യസംസ്കരണം, ശുചിത്വം എന്നിവയിൽ നഗരസഭയുടെ ഇടപെടൽ പരിശോധിക്കുന്ന

# പ്രത്യേക പഠന റിപ്പോർട്ട്

ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവ മാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക, പൊതുമാർക്കറ്റുകൾ പരിപാലിക്കുക, മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വില്പന, നിയന്ത്രണം എന്നിവ മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകളിൽ പെടുന്നവയാണ്. ഇരിങ്ങാലക്കുട നഗരസഭയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നഗരസഭ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ലക്ഷ്യത്തെ മുൻനിർത്തി, മുനിസിപ്പാലിറ്റിയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും നഗരസഭയുടെ കീഴിലുള്ള മത്സ്യമാർക്കറ്റ്, വെജിറ്റബിൾ മാർക്കറ്റ്, ഇവനിംഗ് മാർക്കറ്റ്, അറവുശാല, ട്രഞ്ചിംഗ് ഗ്രൗണ്ട് എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയുംചെയ്തു. പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

നഗരസഭയുടെ മാലിന്യസംസ്കരണ സംവിധാനം.

നഗരസഭ നേരിട്ട് ശേഖരിക്കുന്നതും, തൽസ്ഥാനങ്ങളിൽത്തന്നെ സംസ്കരിക്കുന്നതും ആയ രീതികൾ മാലിന്യസംസ്കരണത്തിന് അവലംബിച്ചിട്ടുണ്ട്. മാർക്കറ്റുകൾ പൊതുവെ സന്ദർശനസമയത്ത് താരതമ്യേന വൃത്തിയുള്ളതായി കണ്ടു. പൊതുവഴികളും നഗരത്തിനകത്തെ ഒഴിഞ്ഞ ഇടങ്ങളും പൊതുവെ വൃത്തിയായി സംരക്ഷിക്കുന്നുണ്ട്. ശൗചാലയങ്ങളിലെ അവസ്ഥ ഈ പരിശോധനയിൽ ഉൾപ്പെട്ടിട്ടില്ല. നഗരസഭ നിയമപരമായി ചെയ്യേണ്ട പല ഉത്തരവാദിത്വങ്ങളും നിറവേറ്റാൻ ശ്രമിച്ചു വരുന്നുണ്ടെങ്കിലും കുറ്റമറ്റതും ഗണനീയവുമായ തരത്തിലേക്ക് സേവനങ്ങൾ മാറാൻ ഇനിയും ധാരാളം പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ടെന്നും നടത്തിവരുന്നവയിൽ കൂടുതൽ കാര്യക്ഷമത വരുത്തേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുന്നു.

കേന്ദ്രീകൃത മാലിന്യ സംസ്കരണ പരിപാടികൾ.

നഗരസഭ പൂർണ്ണമായും കേന്ദ്രീകൃതമായ ഒരു മാലിന്യസംസ്കരണം നടത്തുന്നില്ല. കുറച്ചു കൂടി വികേന്ദ്രീകൃതമായ സംവിധാനങ്ങളാണ് അവലംബിച്ചിരിക്കുന്നത്.

ഈ സംവിധാനത്തിൽ ട്രഞ്ചിംഗ് ഗ്രൗണ്ട്, ഇവനിംഗ് മാർക്കറ്റ് ബയോ ഗ്യാസ് പ്ലാന്റ്, വെജിറ്റബിൾ മാർക്കറ്റ് ബയോഗ്യാസ് പ്ലാന്റ് എന്നിവയാണ് പ്രധാനമായും ഉൾപ്പെടുന്നത്.

ട്രഞ്ചിംഗ് ഗ്രൗണ്ട്.

നഗരസഭയുടെ ട്രഞ്ചിംഗ് ഗ്രൗണ്ട് നഗരസഭ വാർഡിൽ 32 ൽ കുത്തുപറമ്പിൽ 5.5ഏക്ര സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നിലവിൽ രണ്ടു പണി പൂർത്തീകരിച്ച ഷെഡുകൾ ഉണ്ട്. അതിൽഒന്നിൽ പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കാനും മറ്റൊന്നിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീനുമാണുള്ളത്. ഒരു ഷെഡിന്റെ നിർമ്മാണം നടന്നു വരുന്നുണ്ട്. ട്രഞ്ചിംഗ് ഗ്രൗണ്ടിന് ചുറ്റുമതിൽ കെട്ടിയിട്ടില്ല. മുഴുവൻ പ്ലാസ്റ്റിക് മാലിന്യങ്ങളും വേർതിരിക്കാനുള്ള സൗകര്യം ഇല്ലാത്തതിനാൽ പ്ലാസ്റ്റിക് പുറത്ത് കൂട്ടിയിട്ടിട്ടുണ്ട്. നഗരസഭ പ്രദേശത്ത് നിന്ന് ലഭിക്കുന്ന ബയോ വേസ്റ്റ് ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കുഴിച്ചു മൂടുകയാണ് ചെയ്തു വരുന്നത്. ട്രഞ്ചിംഗ് ഗ്രൗണ്ടിൽ പണി പൂർത്തിയാകാത്ത ഒരു ബയോഗ്യാസ് പ്ലാന്റ് പദ്ധതി ഉപേക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഇവനിംഗ് മാർക്കറ്റ്.

പ്രധാനമായും മത്സ്യം, കോഴി എന്നീ ഉത്പന്നങ്ങളാണ് ഇവിടെ വിൽപനക്കുള്ളത്. ഒരു ബയോ ഗ്യാസ് പ്ലാന്റ് ഇവിടെ പ്രവർത്തനക്ഷമമാണ്. ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന വേസ്റ്റ് ഏതാണ്ട് മുഴുവനായും ഇവിടെ സംസ്കരിക്കുന്നു. പക്ഷേ ഇവിടെ ഉണ്ടാകുന്ന മലിനജലം പുറത്തേക്ക് ഒഴുകി പോകുന്നതാണ് കാണുന്നത്. മലിന ജലസംസ്കരണത്തിന് നിലവിൽ സംവിധാനങ്ങളില്ല.

വെജിറ്റബിൾ മാർക്കറ്റ്.

വെജിറ്റബിൾ മാർക്കറ്റിലും ഒരു ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ സൃഷ്ടിക്കപ്പെടുന്ന കുറേ മാലിന്യങ്ങൾ കർഷകർ തന്നെ കൃഷിയിടങ്ങളിലേക്ക് കയറ്റികൊണ്ടു പോകുകയും ബാക്കി വരുന്നവ പ്ലാന്റിൽ സംസ്കരിക്കുകയുമാണ് ചെയ്തു വരുന്നത്.

വികേന്ദ്രീകൃത മാലിന്യസംസ്കരണം.

നഗരസഭ പ്രദേശത്തെ വീടുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ വേർതിരിച്ച് ജൈവമാലിന്യങ്ങൾ വീടുകളിൽ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവമാലിന്യങ്ങൾ ഹരിതസേനാംഗങ്ങളെ നിയോഗിച്ച് യൂസർ ഫീ ഈടാക്കി ശേഖരിക്കുകയുമാണ് ചെയ്തു വരുന്നത്.ഹരിത കർമ്മസേനയെ ഉപയോഗിച്ചുള്ള പ്ലാസ്റ്റിക് ശേഖരണം 2018 നവംബർ മാസം മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള ഷ്രഡിംഗ് മെഷീൻ ഉപയോഗിച്ച് പൊടിക്കുന്നു. ഷ്രഡിംഗ് മെഷിൻ പ്രവർത്തനക്ഷമമാണ് എന്ന് കണ്ടു. പൊടിച്ച

പ്ലാസ്റ്റിക് ക്ലീൻ കേരള മിഷന് കൈമാറാനാണ് ഉദ്ദേശിക്കുന്നത്.സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നഗരസഭയുടെ റോഡ് പ്രവൃത്തികളിലൊന്നുംതന്നെ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തിയിട്ടില്ല. നിലവിൽ നഗരസഭയിലെ റോഡുകളിൽ പ്ലാസ്റ്റിക് പൊടി ഉൾപ്പെടുത്താവുന്ന തരത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടില്ല.

14-15 മുതൽ 17-18 വരെ നഗര സഭ നടപ്പാക്കിയ മാലിന്യ നിർമാർജ്ജന പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | നടപ്പിലാക്കിയ തുക |
|---|---|---|---|---|
| 1 | 2014-15 | ബയോഗ്യാസ് പ്ലാന്റ് | 3400000 | ഇല്ല |
| 2 | 2015-16 | ബയോഗ്യാസ് പ്ലാന്റ് | 3400000 | 2336000 |
| 3 | 2016-17 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 1411000 | 129200 |
| 4 | 2017-18 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 1281800 | 397100 |
| 5 | 2017-18 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 850000 | ഇല്ല |
| 6 | 2017-18 | ബെയിലിംഗ്, ഷ്രഡിംഗ് മെഷീൻ | 982943 | 982943 |

വീടുകളിലെ മാലിന്യ സംസ്കരണത്തിൽ ഏറെ മുന്നോട്ടു പോകാൻ നഗരസഭയ്ക്കായിട്ടില്ല. 2017-18 വർഷത്തിൽ 94 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ നൽകിയിട്ടുണ്ട്. 2018-19 വർഷത്തെ പദ്ധതിയിൽ 13070 കിച്ചൻ ബിന്നുകളും 3268 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളും ആരംഭിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുള്ളതായി ഹെൽത്ത് ഓഫീസർ അറിയിച്ചിട്ടുണ്ട്. നിർവ്വഹണം നടത്തിയ ബയോഗ്യാസ് പ്ലാന്റുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് കൃത്യമായ ഒരു റിപ്പോർട്ട് എവിടേയും ലഭ്യമല്ല. വീടുകളിലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണം സംബന്ധിച്ച് വ്യക്തമായ ഒരു മോണിറ്ററിംഗ് സംവിധാനത്തിന്റെ അഭാവം നിലനിൽക്കുന്നതായി കാണുന്നു.

മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളി എണ്ണം.

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | സ്ഥിരം കണ്ടിജന്റ് ജീവനക്കാർ | 41 |
| 2 | പകരം തൊഴിലാളികൾ | 3 |
| 3 | പ്ലാസ്ററിക് വേർതിരിക്കുന്നതിനുള്ള തൊഴിലാളികൾ | 20 |

പ്ലാസ്റ്റിക് വേർതിരിക്കുന്ന തൊഴിലാളികൾക്ക് തൊഴിലുറപ്പുപദ്ധതിക്കു നൽകി വരുന്ന വേതനമാണ് നൽകി വരുന്നത്. ഇതു കൂടാതെ ഹരിത കർമസേനയെ ഉപയോഗിച്ച് വീടുകളിൽ നിന്ന് പ്ലാസ്റ്റിക്/ജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്.

<u>വാഹനങ്ങൾ</u>

മാലിന്യ സംസ്കരണത്തിനായി താഴെ ചേർക്കും പ്രകാരം വാഹനങ്ങൾ നഗരസഭ ഉപയോഗിച്ച് വരുന്നുണ്ട്.

| വിഭാഗം | എണ്ണം |
|---|---|
| ട്രാക്ടർ | 1 |
| പിക്കപ്പ് വാൻ | 1 |
| ജീപ്പ് | 1 |

<u>അറവു ശാല</u>

നഗരസഭക്കകത്ത് അറവുശാല പ്രവർത്തിക്കുന്നില്ല. സന്ദർശനത്തിൽ അറവുശാല കോപൗണ്ട് കാട് പിടിച്ച കിടക്കുന്നതു കണ്ടു. ആവശ്യമായ മാലിന്യ സംസ്കരണ പരിപാടികളുടെ അഭാവത്തിലാണ് അറവുശാല പ്രവർത്തിക്കാതിരിക്കുന്നത് എന്ന് ഹെൽത്ത് വിഭാഗം അറിയിച്ചിട്ടുണ്ട്. പക്ഷേ ഇറച്ചി വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. അംഗീകൃത അറവുശാലകളിൽ നിന്ന് മാംസം കൊണ്ടുവന്നാണ് വിൽക്കുക എന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നത്. പക്ഷേ അംഗീകൃത അറവുശാല യിൽ നിന്നുള്ള മാംസമാണോ വിൽക്കുന്നത് എന്ന് ഉറപ്പാക്കുന്നതിന് നിലവിൽ നടപടികളൊന്നും ഇല്ല. ഈ സാഹചര്യത്തിൽ അറവുശാല പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പ്ലാസ്റ്റിക് നിയന്ത്രണം.

നഗരസഭ പരിധിയിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് നിരോധനമേർപ്പെടുത്തിയിട്ടുണ്ട്. 24-09-2016 ലെ നമ്പർ 576/ഡി.സി1/16 തസ്വഭവ സർക്കുലർ പ്രകാരവും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 പ്രകാരവും പ്ലാസ്റ്റിക് ക്യാരിബാഗുകൾ നഗരസഭാപ്രദേശത്ത് വിപണനം നടത്തുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഉപനിയമാവലി തയ്യാറാക്കി വിജ്ഞാപനം ചെയ്യുന്നതിലേക്ക് ബൈലോ തയ്യാറാക്കി സർക്കാരിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ബൈലോക്ക് നിലവിൽ അംഗീകാരം കിട്ടിയിട്ടില്ല.

നിലവിലെ പ്രോജക്ടുകൾ

2017-18 വർഷം മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട് മൂന്നു പ്രോജക്ടുകൾക്ക് ഡി.പി.ആർ തയ്യാറാക്കുകയുണ്ടായി. ഇവനിംഗ് മാർക്കറ്റിലും, അറവുശാലയിലും മലിനജലനിർമാർജ്ജന പ്ലാന്റ്, അറവുശാലയിൽ ബയോഗ്യാസ് പ്ലാന്റ് എന്നിവയായിരുന്നു പ്രോജക്ടുകൾ. മലിനജല നിർമാർജ്ജന പ്ലാന്റുകൾക്ക് അൾട്രാടെക് എന്ന ഏജൻസിയേയും ബയോഗ്യാസ് പ്ലാന്റിന് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെയും ആണ് ഡി.പി.ആർ തയ്യാറാക്കാൻ ഏൽപ്പിച്ചിരുന്നത്. 2/2/2019 ൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം താഴെ ചേർക്കും പ്രകാരം കോഴിക്കോട്, അരീന ഹൈജീൻ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നഗരസഭയുമായി ചേർന്ന് കരാർ ഒപ്പിട്ടുണ്ട്. എന്നാൽ നാളിതു വരെ ഒരു പണിയും ആരംഭിച്ചിട്ടില്ല. ഈ പ്രവർത്തി പൂർത്തീകരിച്ചാൽ മാത്രമേ അറവുശാല പ്രവർത്തനക്ഷമമാക്കാനാകൂ. ഈ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള തടസ്സം നീക്കേണ്ടതും നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നമ്പർ | പദ്ധതി | തുക | എഗ്രിമെന്റ് നമ്പർ |
|---|---|---|---|
| 1 | ഇവനിംഗ് മാർക്കറ്റിൽ മലിനജലപ്ലാന്റ് | 1999500 | 147/18-19 |
| 2 | അറവുശാലയിൽ മലിനജല പ്ലാന്റ് | 2999000 | 148/18-19 |
| 3 | അറവുശാലയിൽ സ്ലോട്ടർ ഹൗസ് | 2248500 | 149/18-19 |

വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശങ്ങളും പ്രയോഗക്ഷമതയും.

നഗരസഭയിലെ ശുചിത്വം, മാലിന്യ സംസ്കരണം വർക്കിംഗ് ഗ്രൂപ്പിന്റെ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ ശുപാർശകൾ പരിശോധിക്കുകയുണ്ടായി. ശുചിത്വം, മാലിന്യസംസ്കരണം എന്നിവ ലക്ഷ്യമിട്ട് നിരവധി പ്രധാനശുപാർശകൾ വർക്കിംഗ് ഗ്രൂപ്പ് നൽകിയിട്ടുള്ളതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന നിർദ്ദേശങ്ങളും അതിനോട് നഗരസഭ കൈക്കൊണ്ട നടപടികളും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർദ്ദേശം | നടപ്പാക്കിയോ, ഇല്ലയോ എന്ന് |
|---|---|---|
| 1 | പ്ലാസ്റ്റിക്, ഇ വേസ്റ്റ് എന്നിവ ശേഖരിക്കുന്നതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി യൂണിറ്റുകൾ രൂപീകരണം | ഇല്ല |
| 2 | ആധുനിക രീതിയിലുള്ള സ്ളോട്ടർ ഹൗസ് | ഇല്ല |
| 3 | മാർക്കറ്റുകളിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് | കരാർഒപ്പിട്ടു. പണി തുടങ്ങിയിട്ടില്ല |
| 4 | ട്രഞ്ചിംഗ് ഗ്രൗണ്ടിൽ തുമ്പൂർമുഴി മാതൃകയിൽ കമ്പോസ്റ്റിംഗ് യൂണിറ്റ് | ഇല്ല |

| | | |
|---|---|---|
| 5 | പ്ലാസ്റ്റിക് ക്യാരിബാഗ് യൂണിറ്റുകൾക്ക് ബദൽ സംവിധാനയൂണിറ്റുകൾ | ഇല്ല |
| 6 | ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് സർവ്വീസ് ഏജൻസി | ഇല്ല |
| 7 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് | പ്രവർത്തനം തുടങ്ങി |
| 8 | മാലിന്യങ്ങൾ വഴിയോരങ്ങളിൽ തള്ളുന്നവരെ കണ്ടെത്താൻ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ | ഇല്ല |
| 9 | ഇലക്ട്രോണിക് വേസ്റ്റ് കളക്ട് ചെയ്യുന്നതിനുള്ള സംവിധാനം | ഇല്ല |
| 10 | ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ഗ്രീൻ ബെൽറ്റ് നിർമ്മാണം. | ഇല്ല |

<u>മോണിറ്ററിംഗ് പരിശോധനസംവിധാനങ്ങൾ.</u>

വീടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ നിർദ്ദേശങ്ങളൊന്നും തന്നെ ഇല്ല. കച്ചവടസ്ഥാപനങ്ങൾക്ക് അനുമതി നൽകുമ്പോൾ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നിർദ്ദേശം നൽകിയതായി പറയുന്നുണ്ടെങ്കിലും ഏതു തരത്തിലുള്ള സംസ്കരണ പദ്ധതിയാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ഇത്തരം കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്. മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട് 18-19 വർഷം നഗരസഭ 68 കേസുകളിലായി 87760 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. ഇതിൽ നിരോധിച്ച പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗത്തിൽമേലുള്ള പിഴയായ 25840 രൂപ, മാലിന്യങ്ങൾ വലിച്ചെറിയുന്നതിനുള്ള പിഴയായ 61920 രൂപ എന്നിവ ഉൾപ്പെടുന്നു.

<u>17. ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.

2. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. എല്ലാ വാർഡുകളിലേയും മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

4. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

5. വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ്

പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

6. ഡി&ഒ ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മുതലായ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് കയ്യൊഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

8.അറവുശാലയിലെ പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കി അറവുശാല പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

9. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന തുണി, പേപ്പർ സഞ്ചികൾ പോലുള്ള ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

10. വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് തിരിച്ചറിഞ്ഞ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

11. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

12.മാലിന്യ പ്ലാന്റ് സ്ഥാപിച്ച് ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. ജീവനക്കാരുടെ കുറവ്, മറ്റ് പ്രായോഗിക പ്രശ്നങ്ങൾ എന്നിവ നേരിടുന്നുണ്ടെങ്കിൽ ആയത് ഉചിതമാർഗ്ഗേന ഉന്നതാധികാരികളുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരിക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

14. മാലിന്യ നിയന്ത്രണത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും കണക്കിലെടുത്ത് മാലിന്യ നിയന്ത്രണത്തിനായി നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം നഗരസഭ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 ഇ-ടെൻഡർ.ടെൻഡർ തുറക്കുന്നതിനു മുമ്പ് ടെൻഡർ രേഖകളുടെ പകർപ്പ് ആവശ്യപ്പെടുന്നത് ഒഴിവാക്കേണ്ടതാണ്.

തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25/10/2018 ലെ ഡിബി1/7942/സിഇ/എൽഎസ്ജിഡി നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവർത്തികൾ ഇ ടെൻഡർ ചെയ്യുമ്പോൾ ഇ-ടെൻഡറിൽ ഓൺലൈൻ ആയി സമർപ്പിച്ച രേഖകളുടെ പകർപ്പുകൾ ഇല്ല എന്ന കാരണത്താൽ ടെൻഡർതുറക്കാതെ നിരസിക്കരുത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇ-ടെൻഡർ തുറന്നതിനു ശേഷം രേഖകൾ സമർപ്പിക്കാനാവശ്യപ്പെട്ട് നോട്ടീസ് നൽകേണ്ടതും നിശ്ചിത തിയ്യതിക്കകം സമർപ്പിക്കാത്ത പക്ഷം ടെൻഡർ അക്കാരണത്താൽ നിരസിക്കാവുന്നതും ഇ.എം.ഡി കണ്ടുകെട്ടാവുന്നതുമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ടെൻഡർ നോട്ടിഫിക്കേഷനിലും മാറ്റം വരുത്തേണ്ടതാണ്. ഇരിഞ്ഞാലക്കുട നഗരസഭയിൽ 2017-18 ന് വിളിച്ച ഇ-ടെൻഡർ പരസ്യങ്ങളിലെല്ലാം തന്നെ ഇ-ടെൻഡർ തുറക്കുന്നതിനു മുമ്പ് ടെൻഡർ രേഖകളുടെ പകർപ്പ് സമർപ്പിക്കാത്ത പക്ഷം ടെൻഡർ നിരസിക്കുമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ സർക്കുലറിൻറെ വെളിച്ചത്തിൽ ഇത്തരം വ്യവസ്ഥകൾ ഇനിയുള്ള ടെൻഡർ നോട്ടീസിൽ നിന്ന് ഒഴിവാക്കേണ്ടതും സർക്കുലറിൽ വ്യക്തമാക്കിയ വിവരം ഉൾപ്പെടുത്തേണ്ടതുമാണ്.

# 3-8 പൊതുടാപ്പുകൾ -ഉപയോഗശൂന്യമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഇരിങ്ങാലക്കുട നഗരസഭ പരിധിയിൽ കേരള ജല അതോറിറ്റിയുടെ കണക്കുപ്രകാരം 553 പൊതു ടാപ്പുകൾ ഉണ്ട്. ആയതിന് പ്രതിമാസം 3,63,321/-രൂപ വെള്ളക്കരമായി നഗരസഭ ഒടുക്കി വരുന്നുണ്ട്. ഇത് നഗരസഭക്ക് അമിത ബാധ്യതയാകുമെന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ജല അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം.1275/09/ ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. നഗരസഭ പരിധിയിലെ ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി നഗരസഭയും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചു. (ഓഡിറ്റ് അന്വേഷണം നം.14/20.05.2019)

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

4. കുടിവെള്ള പദ്ധതികളുടെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

മുനിസിപ്പാലിറ്റിയിലെ ഓരോ ഡിവിഷനിലും പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ, ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടുള്ള കുടിവെള്ളപദ്ധതികൾ, ഗുണഭോക്തൃകമ്മിറ്റി അംഗങ്ങൾ എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താവുന്നതും കുടിവെള്ള പദ്ധതി ഗുണഭോക്താക്കളിൽ നിന്ന് വാട്ടർ ചാർജ് പിരിക്കാവുന്നതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുടിവെള്ള പദ്ധതികൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ശേഖരിക്കേണ്ടത് അത്യാവശ്യമാണ്. രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 അംഗനവാടി വഴിയുള്ള പൂരക പോഷകാഹാരം

# -കേന്ദ്രസഹായം ഉപയോഗിക്കാതെ നഷ്ടപ്പെടുത്തുന്നു

സംസ്ഥാനത്ത് വികേന്ദ്രീകൃത ആസൂത്രണം പ്രകാരം അംഗനവാടി വഴിയുള്ള പൂരക പോഷകാഹാര പദ്ധതി (SNP) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി 50% കേന്ദ്രസഹായം നൽകിവരുന്നു. നഗരസഭയിലെ എെ.സി.ഡി.എസ്സിന്റെ പാസ്സ്ബുക്ക് പ്രകാരം മുൻവർഷങ്ങളിലേതുൾപ്പെടെ 22.70ലക്ഷം രൂപ ബാക്കിയിരിപ്പുണ്ട്. (വിജയ ബാങ്ക് അക്കൗണ്ടിൽ 1618595/-രൂപയും, ട്രഷറി സേവിങ്സ്ബാങ്ക്അക്കൗണ്ടിൽ 652156/- രൂപയും)

സർക്കുലർ നം.39033/DC2/10/LSGD തിയ്യതി 03.09.2010 പ്രകാരം പൂരക പോഷകാഹാര പരിപാടി നടപ്പാക്കുന്നതിന് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, അംഗനവാടിയിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണം എന്ന് നിർദ്ദേശിച്ചിരുന്നു. എെ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയ റിപ്പോർട്ടനുസരിച്ച്, ആകെ 60 അംഗനവാടികൾ ഉള്ളതിൽ 12 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 16 എണ്ണത്തിന് കുടിവെള്ള സൗകര്യമില്ല, 4 എണ്ണത്തിന് വൈദ്യുതി ഇല്ല (ഓഡിറ്റ് അന്വേഷണം നം.34/27.05.19) 22ലക്ഷം നീക്കിയിരിപ്പ് ഉണ്ടായിട്ടും സർക്കുലർ പ്രകാരം ഉപയോഗിക്കാതെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയത് പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ കൗൺസിലിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 3-10 ഗവ.ബോയ്സ് എച്ച്.എസ്സ്.എസ്സ് പ്രിൻസിപ്പാൾ നടപ്പിലാക്കിയ പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക 71,495/- രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നം./പേര് -259/18 ഫർണ്ണീച്ചറുകളും മറ്റ് സാധനസാമഗ്രികളും വാങ്ങൽ (ഗവ.ബോയ്സ് എച്ച്.എസ്സ്.എസ്സ് )

അടങ്കൽ - 1,53,000/-

ചെലവ് - 71,495/- ട്രഷറി ബിൽ നം.1/31.03.2018

ഗവ.ബോയ്സ് എച്ച്.എസ്സ്.എസ്സ് പ്രിൻസിപ്പാൾ നടപ്പിലാക്കിയ മേൽ പ്രൊജക്ടിന്റെ പകർപ്പ്, മറ്റ് ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/17.05.2019) മറുപടി ലഭിച്ചില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 71,495/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-11 2017-18സാമ്പത്തിക വർഷത്തിൽ നഗരസഭ വക വാഹനങ്ങളുടെ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല -ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

സർക്കുലർ നം.41/2008/ധനം.തിയ്യതി.2.8.2008 പ്രകാരം ഇന്ധന ക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. ഇന്ധനത്തേയും അറ്റകുറ്റപ്പണികളേയും സംബന്ധിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയുടെ വാഹനങ്ങളായ ട്രാക്ടർ-ട്രെയിലർ (KL 8 AE 8770), ബൊലിറൊ പിക്ക് അപ് വാൻ (KL 45 K 3525),സൈലൊ (KL 45 J 5308), ജീപ്പ് (KL 8AJ 9218) എന്നിവയുടെ ഇന്ധന ക്ഷമത ടെസ്റ്റ് 2017-18സാമ്പത്തിക വർഷം നടത്തിയിട്ടില്ല.ട്രാക്ടർ - ട്രെയിലർ ഒഴികെയുള്ള വാഹനങ്ങളിൽ മാസാന്ത്യ സംക്ഷിപ്ത കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. അറ്റകുറ്റപ്പണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ റിപ്പയർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലോഗ്ബുക്കിൽ ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/27.05.2019) ലഭിച്ച മറുപടി പ്രകാരം ഇനി മുതൽ ലോഗ്ബുക്കുകൾ മേൽ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതാണ്.

# 3-12 2017-18 സാമ്പത്തിക വർഷം ഓണം അഡ്വാൻസ് നൽകിയത്-സ്ഥലം മാറിപ്പോയവരിൽ നിന്നും ബാലൻസ് തുക തിരികെ ലഭിച്ചിട്ടില്ല

വൗച്ചർ നം.84-8/2017 തിയ്യതി.25.08.2017 പ്രകാരം 4,42,000/- രൂപ ഓണം അഡ്വാൻസിനത്തിൽ ജീവനക്കാർക്ക് നൽകുവാൻ പിൻവലിച്ചിട്ടുണ്ട്.ആയത് വിതരണം ചെയ്തതിൽ ,താഴെ പറയുന്നവരിൽ നിന്നും ബാലൻസ് തുക ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/തസ്തിക | നൽകിയ തുക | അടവാക്കിയ തുക | ബാക്കി അടവാക്കാനുള്ളത് |
|---|---|---|---|---|
| 1 | രമണി.ബി സീനിയർ ക്ലർക്ക് | 15,000/- | 12,000/- | 3,000/- |
| 2 | സജി.എസ് സീനിയർ ക്ലർക്ക് | 15,000/- | 12,000/- | 3,000/- |
| 3 | സാജു മാർട്ടിൻ സീനിയർ ക്ലർക്ക് | 15,000/- | 9,000/- | 6,000/- |
| 4 | ശരത് കുമാർ എൻ, റവന്യൂ ഇൻസ്പെക്ടർ | 5,000/- | 3,000/- | 2,000/- |
| | | | ആകെ | 14000/- |

എന്നാൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസിനത്തിൽ 5300/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട് പ്രസ്തുത കൃത്യത ഉറപ്പാക്കുന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കുകൾ രേഖപ്പെടുത്തിയ തുക ജീവനക്കാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/27.05.2019)ലഭിച്ച മറുപടി പ്രകാരം മേൽ വ്യക്തികൾ സ്ഥലം മാറിപ്പോയ ഓഫീസുകളിലേക്ക് തിരിച്ചടക്കുവാനുള്ള തുക ഈടാക്കി അയച്ചുതരുന്നതിന് കത്തുകൾ അയച്ചിട്ടുണ്ടെന്നും, തിരിച്ചടക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

# 3-13 അഡ്വാൻസ് തുക സമയ പരിധി കഴിഞ്ഞ് ക്രമീകരിച്ചത് -പലിശ ഈടാക്കിയിട്ടില്ല

വൗച്ചർ നം.44-6/2017 തിയ്യതി.14.06.2017 പ്രകാരം 30,000/- രൂപ ചീഫ് മെഡിക്കൽ ഓഫീസർ, എ.വി.എം ഗവ.ആയുർവ്വേദ ആശുപത്രിക്ക് നൽകിയിട്ടുണ്ട്. പൊറത്തിശ്ശേരി തളിയക്കോണം ഭാഗത്ത് ഡെങ്കിപ്പനി പടർന്നു പിടിച്ചിരിക്കുന്നത് തടയാൻ ആയുർവ്വേദത്തിലൂന്നിയ പ്രതിരോധപ്രവർത്തനങ്ങൾക്കായാണ് ടി.തുക മുൻകൂർ നൽകിയത്. ആയത് ക്രമീകരിച്ചിരിക്കുന്നത് 28.06.2018 നാണ്. സമയപരിധി കഴിഞ്ഞ് ക്രമീകരിച്ചതിന് പിഴപലിശ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/27.05.2019) പലിശ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. GO(P)No.419/2011/Fin Dtd.04.10.2011 പ്രകാരം അഡ്വാൻസ് കൈപ്പറ്റി മൂന്നു മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും 18% പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതാണ്.

# 3-14 ലീഗൽ ചാർജ്ജസ്- ആദായനികുതി കുറവ് ചെയ്തില്ല.

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2017-18 വർഷത്തിൽ അഡ്വ.കെ.കെ.ചന്ദ്രൻ പിള്ള, അഡ്വ.എം.ജെ ബേബി എന്നിവർക്ക് താഴെ പറയും പ്രകാരം ഫീസ് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | വൗച്ചർ നം./തീയതി | തുക | അഡ്വക്കേറ്റിന്റെ പേര് |
|---|---|---|---|
| 1 | 54/4-17 തീയതി.21/04/2017 | 2,63,250/- | കെ.കെ.ചന്ദ്രൻപിള്ള |
| 2 | 55/4-17 തീയതി.21/04/2017 | 41,500/- | എം.ജെ.ബേബി |
| | | 3,04,750/- | |

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കിയതായി കാണുന്നില്ല. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും മേൽ അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

# 3-15 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.242305 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ട്നമ്പർ/ പ്രോജക്ട് | ട്രഷറിബിൽ നമ്പർ, തുക | നൽകിയത് |
|---|---|---|---|
| 1 | S0590/18 | 16/10.1.18 | ജില്ലാ പഞ്ചായത്ത് തൃശ്ശൂർ. |

| | | | |
|---|---|---|---|
| | ഡിസബിലിറ്റി റിസോഴ്സ് സെന്ററിന് ധനസഹായം | 50000രൂപ | |
| 2 | SO5/18<br>ഐ.കെ.എം വിഹിതം നൽകുന്നതിന് | 1/7.8.17<br>192305 രൂപ | ഇൻഫർമേഷൻ കേരളാ മിഷൻ തിരുവനന്തപുരം |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 242305 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-16 കെ.എസ്.ഇ.ബി ,വാട്ടർ അതോറിറ്റി എന്നിവയ്ക് തുക നല്കൽ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല, പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-6092703 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ പ്പറയുന്ന പദ്ധതികൾ പ്രകാരം കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയ്ക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി തുക നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1)വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ

പ്രോജക്ട് നമ്പർ 518/18

<u>ട്രഷറിബിൽ നമ്പർ</u>
a)5/7.8.17-2696945

b)14/6.1.18-318120

c)46/17.3.18-1078288

മേൽ പ്രോജക്ട് പ്രകാരം ഇലക്ട്രിക്കൽ സെക്ഷൻ കരുവന്നൂർക്ക്2816930.01 രൂപയും ഇലക്ട്രിക്കൽ സെക്ഷൻ ഇരിങ്ങാലക്കുടയ്ക്ക് 1276422.99രൂപയും നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

2)നിലവിലുള്ള കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

പ്രോജക്ട് നമ്പർ 516/18

<u>ട്രഷറിബിൽ നമ്പർ</u>
a)12/3.10.17-1500000

b)29/10.1.18-1500000

3000000രൂപ വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുടയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 1000650 രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമേ ഓഡിറ്റിനു ലഭ്യമാക്കിയിട്ടുള്ളൂ. 1999350രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ജി.ഓ.(എം.എസ്) നം.79/17/തസ്വഭവ, തീയതി29.3.17ലെ ഘട്ടം 9(6) പ്രകാരം നിർവഹണഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവഹണം നടത്തുന്ന മറ്റെല്ലാ നിർവഹണ രീതികളിലും നിർവഹണ ഏജൻസിയുമായി/സ്ഥാപനവുമായി/കരാറുകാരനുമായി തദ്ദേശസ്വയംഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്. ഈ രണ്ടു പദ്ധതികളിലും മേൽ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് കെ.എസ്.ഇ.ബി, കെ.ഡബ്ലിയു.എ എന്നിവയുമായി ബന്ധപ്പെട്ടപ്പോൾ പ്രവൃത്തി തുടങ്ങുന്ന എന്നാണ് അറിയിച്ചിരിക്കുന്നതെന്നാണ്. 2017-18 കാലയളവിൽ തുക നല്കിയിട്ടും നാളിതു വരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിൽ ഇപ്രകാരമുള്ള കാലതാമസം ഒഴിവാക്കാമായിരുന്നു.

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ മേൽ രണ്ടു പദ്ധതികളിലുമായി ചെലവഴിച്ച 6092703 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-17 മാർഗ്ഗരേഖയ്ക് വിരുദ്ധമായി നിയമനം നടത്തി തുക ചെലവ് ചെയ്തത് : 161760 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

സ.ഉ (എം.എസ്) 80/17 ത സ്വഭവ തീയതി 3.4.17ഖണ്ഡിക 12.2 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ വികസന ഫണ്ടിൽ നിന്നും നല്കാവുന്നതല്ല. എന്നാൽ സെക്രട്ടറി നടപ്പാക്കിയ പദ്ധതി ആസൂത്രണ നിർവഹണ ചെലവ് (പ്രോജക്ട് നമ്പർ-so 1/18)എന്ന

പ്രോജക്ട് പ്രകാരം അടിയന്തിര പ്രാധാന്യമുള്ള ജോലികൾ ചെയ്യുന്നതിനായി 20.1.18ലെ 28ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം അജിത് കുമാർ കെ.എസ് എന്നയാളെ നിയമിച്ച് വികസനഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ടിയാളുടെ നിയമന ഉത്തരവിൽ തസ്തികയുടെ പേര് പറയുന്നതായി കാണുന്നില്ല. നിയമനം നടത്തി ക്ലാർക്കിന്റെ ശമ്പളം നൽകുകയാണ് ചെയ്തിരിക്കുന്നത്.

തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| മാസം | നൽകിയ ശമ്പളം |
|---|---|
| ഏപ്രിൽ | 14850 |
| മെയ് | 16200 |
| ജൂൺ | 16200 |
| ജൂലൈ | 15525 |
| ആഗസ്റ്റ് | 14850 |
| ഒക്ടോബർ | 10125,8775 |
| നവംബർ | 14175 |
| ഡിസംബർ | 8775 |
| ജനുവരി | 540,6750 |
| ഫെബ്രുവരി | 14850 |
| മാർച്ച് | 16770 |
| ആകെ | 158385 |

കൂടാതെ സൗമ്യ.വി.എസ് എന്നവരെയും ഇതേ രീതിയിൽ നിയമിച്ച് 2017 ജൂൺ മാസം 3375രൂപയും ശമ്പളം നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ തുക161760 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

# 3-18 മെയിന്ററനൻസ് ഗ്രാന്റിൽ നിന്നും പരിധിയിലധികം തുക ചെലവഴിച്ചിരിക്കുന്നു - 46094 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്) നമ്പർ 330/2004/ത.സ്വ.ഭ.വ. തീയതി.09.12.2004 നുള്ള വിശദീകരണം സർക്കുലർ നം. 47836/എഫ്.എം./2011/തസ്വഭവ തീയതി 29.12.11 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ആശുപത്രികൾക്ക് ആവശ്യമായ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഒരു ഉപകരണത്തിന് പരമാവധി 25,000/- രൂപ മാത്രമേ വിനിയോഗിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

എ)പ്രോജക്ടിന്റെ പേരും നമ്പറും – പി.എച്ച്.സിയിലേക്ക് ലാപ്പ് ടോപ്പ് ,പ്രിന്റർ വാങ്ങൽ,പ്രോജക്ട് നമ്പർ -S0223/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.പൊറത്തിശ്ശേരി

വകയിരുത്തിയ തുക – 45000/- (മെയിന്റൻസ് ഗ്രാന്റ് റോഡിതരം)

ട്രഷറി ബിൽ നം.& തീയതി/തുക – 4/25.11.17 – 42500/

പി.എച്ച്.സിക്കാവശ്യമായ ലാപ്പ്ടോപ്പ് പ്രിന്റർ വാങ്ങൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലാപ്പ്ടോപ്പ് വാങ്ങുന്നതിന് 32198/- രൂപ റോഡിതര മെയിന്റൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഈയിനത്തിൽ അധികമായി 7198 /- രൂപ ചെലവഴിച്ചിരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.22/23.05.19)

ബി)പ്രോജക്ടിന്റെ പേരും നമ്പറും – ജനറൽ ആശുപത്രിക്ക് ഉപകരണങ്ങളും ഫർണ്ണീച്ചറും വാങ്ങൽ,പ്രോജക്ട് നമ്പർ -S0311/18
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

വകയിരുത്തിയ തുക – 575000/- (മെയിന്റൻസ് ഗ്രാന്റ് റോഡിതരം)

ചെലവഴിച്ച തുക – ട്രഷറി ബിൽ നം.& തീയതി/തുക – 1/13.10.17-32800

2/13.10.17-93696

11/12.2.18-448504

ജനറൽ ആശുപത്രിക്ക് ഉപകരണങ്ങളും ഫർണ്ണീച്ചറും വാങ്ങൽഎന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലാപ്പ്ടോപ്പ് വാങ്ങുന്നതിന് 38900/- രൂപയും, PA System വാങ്ങുന്നതിന് 49996രൂപയും റോഡിതര മെയിന്റൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക്

വിരുദ്ധമായി അധികമായി ചെലവഴിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം 28/27.05.19) ഓഡിറ്റ് അന്വേഷണങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നതുവരെ മേൽ രണ്ടു പ്രൊജക്ടുകളിലുമായി അധികം ചെലവഴിച്ച 46094രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-19 തുറന്നകിണർ നിർമ്മാണം - മാർഗ്ഗരേഖയ്ക് വിരുദ്ധമായി ചെലവ് ചെയ്ത 68000രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ-S016/18
നിർവ്വഹണ ഉദ്യോഗസ്ഥൻ: പട്ടികജാതി വികസന ഓഫീസർ

ട്രഷറിബിൽ നമ്പർ-4/23.8.17-34000/

21/28.3.18-34000/

വകയിരുത്തിയ തുക-68000 (വികസന ഫണ്ട് എസ്.സി.പി)

മേൽ പ്രോജക്ട് പ്രകാരം ശോഭന .R.C, സീനK.K , സുബ്രൻ .V.K, വൽസല N.V എന്നിവർക്ക് 17000 രൂപ വീതം തുറന്നകിണർ നിർമ്മാണത്തിനായി നൽിയിട്ടുണ്ട്.

സ.ഉ (എം.എസ്) 80/17 ത സ്വഭവ തീയതി 3.4.17ഖണ്ഡിക 8.5(1) പ്രകാരം തുറന്നകിണർ നിർമ്മാണത്തിന് വികസനഫണ്ട് ഉപയോഗിക്കാൻ പാടില്ല. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ചെലവു ചെയ്തിരിക്കുന്നത് വികസനഫണ്ടിൽ നിന്നുമാണ്. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 21/23.05.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ

സ.ഉ (എം.എസ്) 80/17 ത സ്വഭവ തീയതി 3.4.17ഖണ്ഡിക 8.5(1) പ്രകാരം തുറന്നകിണർ നിർമ്മാണത്തിന് താഴെ പ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ /അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഈ പ്രവൃത്തികൾ നടത്തേണ്ടതാണ്.

ടിപ്പിക്കൽ എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം

യൂണിറ്റ് കോസ്റ്റ് എൽ .എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം ജില്ലാ തലത്തിൽ നിശ്ചയിക്കണം

എൽ .എസ്.ജി.ഡി എഞ്ചിനീയർ അളവെടുക്കണം.

മേൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ മേൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത തുക 68000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-20 ഇരട്ടവീട് ഒറ്റ വീടാക്കൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

SO17/18
നിർവഹണ ഉദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

ട്രഷറിബിൽ നമ്പർ
2/23.8.17-150000

5/23.8.17-90000

10/6.1.18-330000

13/29.1.18-180000

16/28.2.18-210000

ജി.ഓ.(എം.എസ്) 4/16 തസ്വഭവ11.1.16 പ്രകാരം ഇരട്ട വീട് ഒറ്റ വീടാക്കൽ പദ്ധതിയ്ക്ക് താഴെ പ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

കുടുംബത്തിന് വാസയോഗ്യമായ വീട് ഇല്ല എന്ന് നിശിചിതഫോറത്തിൽ വിവരശേഖരണം നടത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം

ഭാര്യയുടെ പേരിലായിരിക്കണം വീട് അനുവദിക്കേണ്ടത്.അപേക്ഷക ഭാര്യയായിരിക്കണം

30 ച.മീറ്ററിൽ കുറയാത്തതും 66ച.മീറ്ററിൽ കൂടാത്തതുമായ തറവിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന വീടുകൾക്കേ സബ്സിഡിക്ക് അർഹതയുള്ളു

നിർമ്മിക്കുന്ന വീടിന് ആസ്ബസ്റ്റോസ് ഷീറ്റ് അനുവദനീയമല്ല.

തെരെഞ്ഞെടുക്കപ്പെട്ട കുടുംബം ഇപ്പോൾ താമസിക്കുന്ന പാർപ്പിടത്തിന്റെ മുന്നിൽ നിൽക്കുന്ന ഫോട്ടോ ഉണ്ടായിരിക്കണം.

മേൽ പ്രോജക്ട് പ്രകാരം നാലു പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

| പേര് | നൽകിയ തുക | അപാകതകൾ |
|---|---|---|
| മാധവൻ.കെ.കെ | 90000,150000 | ഭാര്യയുടെ പേരിൽ അല്ല വീട് നല്കിയിരിക്കുന്നത്.ഇപ്പോൾ താമസിക്കുന്ന പാർപ്പിടത്തിന്റെ മുന്നിൽ നിൽക്കുന്ന ഫോട്ടോ ഹാജരാക്കിയിട്ടില്ല.കുടുംബത്തിന് വാസയോഗ്യമായ വീട് ഇല്ല എന്ന് നിശിചിതഫോറത്തിൽ വിവരശേഖരണം നടത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്‌പ്പെടുത്തിയിട്ടില്ല.സെക്രട്ടറിയുടെ ഒരു സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിരിക്കുന്നത് |
| വള്ളിയമ്മ | 30000,90000,60000 90000 | ഇപ്പോൾ താമസിക്കുന്ന പാർപ്പിടത്തിന്റെ മുന്നിൽ നിൽക്കുന്ന ഫോട്ടോ ഹാജരാക്കിയിട്ടില്ല.കുടുംബത്തിന് വാസയോഗ്യമായ വീട് ഇല്ല എന്ന് നിശിചിതഫോറത്തിൽ വിവരശേഖരണം നടത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്‌പ്പെടുത്തിയിട്ടില്ല.സെക്രട്ടറിയുടെ ഒരു സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിരിക്കുന്നത് |
| കമല | 90000,90000,60000 | ഇപ്പോൾ താമസിക്കുന്ന പാർപ്പിടത്തിന്റെ മുന്നിൽ നിൽക്കുന്ന ഫോട്ടോ ഹാജരാക്കിയിട്ടില്ല.കുടുംബത്തിന് വാസയോഗ്യമായ വീട് ഇല്ല എന്ന് നിശിചിതഫോറത്തിൽ വിവരശേഖരണം നടത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്‌പ്പെടുത്തിയിട്ടില്ല.സെക്രട്ടറിയുടെ ഒരു സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിരിക്കുന്നത് |
| നിർമ്മല .കെ.എസ് | 30000,90000,90000 | ഇപ്പോൾ താമസിക്കുന്ന പാർപ്പിടത്തിന്റെ മുന്നിൽ നിൽക്കുന്ന ഫോട്ടോ ഹാജരാക്കിയിട്ടില്ല.കുടുംബത്തിന് വാസയോഗ്യമായ വീട് ഇല്ല എന്ന് നിശിചിതഫോറത്തിൽ വിവരശേഖരണം നടത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്‌പ്പെടുത്തിയിട്ടില്ല.സെക്രട്ടറിയുടെ ഒരു സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിരിക്കുന്നത് |

പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർഉത്തരവുകൾ പാലിക്കേണ്ടതാണ്

## 3-21 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2017-18സാമ്പത്തികവർഷം താഴെ പ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്

| | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ | ചെലവഴിച്ച |
|---|---|---|---|

| | തുക | തുക |
|---|---|---|
| തുറന്നകിണർ നിർമ്മാണം | 68000 | 68000 |
| ഇരട്ടവീട് ഒറ്റവീടാക്കൽ | 1740000 | 1110000 |
| ഡിഗ്രി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പഠനമുറി | 1850000 | 719266 |
| വിവാഹ ധനസഹായംSO | 200000 | 150000 |
| പഠനോപകരണങ്ങൾ | 300000 | 238240 |
| വിവാഹ ധനസഹായം new | 1875000 | 1650000 |
| പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ | 300000 | 267250 |
| പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ | 375000 | 315000 |
| മെഡിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ധനസഹായം | 660000 | 160000 |

പൊതു അപാകതകൾ

1)മേൽ പദ്ധതികളിൽ ഒന്നിന്റെയും ഗുണഭോക്തൃ ലിസ്റ്റോ, ആയത് വാർഡ് സഭ സാധൂകരിച്ചതിന്റെ വിവരം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

2)ഡിഗ്രി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയുടെ എല്ലാ അപേക്ഷകളും അനുബന്ധരേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

# 3-22 കെട്ടിടങ്ങളുടെ അറ്റകുറ്റപണി-പൊളിച്ചെടുക്കുന്ന വസ്തുക്കളുടെ ഡിസ്പോസൽ /പുനരുപയോഗം എന്നിവ വ്യക്തമാക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2919.3---കെട്ടിടം പൊളിക്കുന്ന പ്രവൃത്തികളിൽ പൊളിച്ചുമാറ്റുന്ന ഭാഗങ്ങളെ സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ (profoma 2900k) എഴുതി സൂക്ഷിക്കേണ്ടതും ഈ ഭാഗങ്ങൾ പരമാവധി അതേ പ്രവൃത്തിക്കു തന്നെ ഉപയോഗിക്കേണ്ടതുമാണ്. അല്ലെങ്കിൽ അവ ഭൗതീക പരിശോധനയ്ക്കു വിധേയമായി സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ അനുമതിയോടെ പൊതുലേലം നടത്തേണ്ടതാണ്.
താഴെ പറയുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപണിയുമായി ബന്ധപെട്ട് പൊളിച്ചെടുത്ത വസ്തുക്കളുടെ പുനരുപയോഗത്തെ കുറിച്ചോ ഡിസ്പോസലിനെ കുറിച്ചോ ഫയലിലോ അളവുപുസ്തകത്തിലോ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല

വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റുനമ്പർ, പേര്, ഫയൽനമ്പർ | അളവുപുസ്തകം | പൊളിച്ചെടുത്ത വസ്തുക്കളുടെ വിവരം | പൊളിച്ചെടുത്ത വസ്തുക്കളുടെ അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 168/18, ഈവനിങ് മാർക്കറ്റ് യാർഡ് ഉൾപ്പെടെ പുനരുദ്ധാരണം pw1 /14053/16 | 58/17, page No 2 | Item No.E1 Replacing of GI pipes.. | 35m | Treasurybil No 57/29.6.17 |
| 2 | 94/18 ട്രഞ്ചിംഗ് ഗ്രൗണ്ട് പുനരുദ്ധാരണം pw1-17655/16 | 110/17 pageNo 14 | Dismantling Gisheet roofing... | 93.60 | 79/30.6.17 |
| 3 | 124/18,മോഡൽ | 69/17 page | Dismantlig | 300.51 | 103/31.8.17 |

| | | | | | | |
|---|---|---|---|---|---|---|
| | ബോയ്സ് ഹൈസ്കൂളിന്റെ അറ്റകുറ്റപണി, pw14112/16 | No 1 | tiled roofing with battens... | | | |

മേൽ പ്രവൃത്തികളുടെ അറ്റകുറ്റപണിയുമായി ബന്ധപെട്ട് പൊളിച്ചെടുത്ത വസ്തുക്കൾ ലേലം ചെയ്ത് തുക മുനിസിപ്പൽ ഫണ്ടിലേക്കു മുതൽകൂട്ടേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള പ്രവൃത്തികൽ നടത്തുമ്പോൾ പൊതുമരാമത്തുമാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/30-5-19 മറുപടി ലഭ്യമാക്കിയിട്ടില്ല)

# 3-23 അംഗണവാടികളുടെ അറ്റകുറ്റപണി, അപാകത ..മോണിറ്ററിംഗ് സമിതിയുടെ അസാന്നിദ്ധ്യം...

ഫയൽനമ്പർ --pw1-3767/17

പ്രോജക്റ്റ് നമ്പർ -176/18

അടങ്കൽ 2000000
നിർവ്വഹണ ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

അംഗൻവാടി നമ്പർ--38

പ്രവൃത്തി അറ്റകുറ്റപണി

സാങ്കേതികാനുമതി തുക 190000

കരാർനമ്പരും തിയതിയും 230/16-17,dtd31.3.17

അളവുപുസ്തകം 105/16-17

പ്രവൃത്തിമൂല്യം 187434/-

കരാറുകാരൻ ടി.പി. ജോയ്

ട്രഷറി ബിൽ 131/17 dtd 31.10.2017

വിവിധ അംഗനവാടികളുടെ അറ്റകുറ്റപണിക്കും ചുറ്റുമതിൽ കെട്ടുന്നതിനുമായി 2000000/-രൂപ അടങ്കലിൽ തയ്യാറാക്കിയിട്ടുള്ളതായിരുന്ന പ്രൊജക്റ്റ് നമ്പർ 176/18, ഇതുപ്രകാരം 38-ാംനമ്പർ അംഗനവാടിയുടെ അറ്റകുറ്റപണിയുടെ ഭാഗമായി റൂം സീലിംഗ് നടത്തിയിരുന്നു. ടി പ്രവൃത്തി 31.3.17ന് ആരംഭിച്ച് 27.6.17ന് പൂർത്തീകരിച്ചതാണ്. 4.5.18ൽ അംഗനവാടി വർക്കറായ സിൽവി.എ.പി സമർപ്പിച്ച പരാതിയിൽ, തലേന്ന് പെയ്ത മഴയിൽ അംഗനവാടിയുടെ ഷീറ്റ് ചോർന്നൊലിച്ച് സീലിംഗ് മുഴുവനും ഇളകി വീണതായും കുട്ടികളെ അംഗനവാടിയ്ക്കകത്തിരുത്തി പഠിപ്പിക്കുവാനാവാത്ത അവസ്ഥയാണെന്ന് ബോധിപ്പിച്ചു. മേൽവിഷയത്തിൽ മുനിസിപ്പാലിറ്റി എന്തു നടപടി എടുത്തുവെന്ന് ഫയലിൽ രേഖകളില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ, പ്രവൃത്തിയുടെ കരാറുകാരന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ചോർച്ചയ്ക്കു പരിഹാരം കാണുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മോണിറ്ററിംഗ് സമിതിയുടെ ഇടപെടൽ പ്രവൃത്തി നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും ഉണ്ടാകുന്നില്ലെന്നുള്ളത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുന്നുണ്ട്. പ്രോജക്റ്റ് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. ഇതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്നാണ് മാർഗ്ഗ നിർദ്ദേശങ്ങൾ (ജി.ഒ.എം.എസ്) 79/2017/തസ്വഭവ, dtd.03.04.2017 ഖണ്ഡികനമ്പർ 14.6.1.ൽ പറയുന്നത്. ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരെ പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്നതിൻ നിന്നും മാറ്റി നിർത്തേണ്ടതാണ്. മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ – 18/22.05.19)

# 3-24 ചാത്രാപ്പ് ലിഫ്റ്റ് ഇറിഗേഷൻ സോഷ്യോ ഇകണോമിക് യൂണിറ്റിനു കൈമാറിയ അഡ്വാൻസ് തുക സംബന്ധിച്ച അവ്യക്തത

പ്രോജക്റ്റ് നമ്പർ 133/17-18

നിർവഹണോദ്യോഗസ്ഥൻ മുനിസിപ്പൽ എഞ്ചിനീയർ

നിർവ്വഹണ ഏജൻസി സോഷ്യോ ഇക്കണോമിക് യൂണിറ്റ്

അടങ്കൽ തുക 500000/-

പ്രവൃത്തിമൂല്യം 100000/-treasury bill no 97/23.8.17

249128/-treasury bill no 129/31.3.18

അളവുപുസ്തകം 111/17

ഫയൽനമ്പർ pw1 14136/16

അഞ്ചുലക്ഷം രൂപ അടങ്കലുള്ള മേൽ പദ്ധതിയുടെ ആകെ പ്രവൃത്തിമൂല്യം 462155രൂപയാണ്.പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരം നിർവ്വഹണ ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റിന് ആദ്യ ഗഡു ആയി 20% ഉം ,രണ്ടാം ഗഡു ആയി 30% ഉം അനുവദിയ്ക്കാവുന്നതാണ്.ഇതു പ്രകാരം ഒന്നാം ഗഡു ആയി ട്രഷറി ബിൽ നമ്പർ 97/23.8.17 പ്രകാരം 100000/- രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റിന് അനുവദിച്ചിട്ടുണ്ട്. പിന്നീട് രണ്ടാം ഗഡു ആയി 150000 /-രൂപ യുള്ള ബിൽ ട്രഷറിയിൽ (174/26.10.17)സമർപ്പിച്ചിട്ടുണ്ടെങ്കിലും ബിൽ ഒബ്ജക്ട് ചെയ്തതായാണ് ട്രഷറി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ സെക്കന്റ് അഡ്വാൻസായ150000/-രൂപയും കുറവുചെയ്ത തുകയാണ് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് അനുവദിച്ചിട്ടുള്ളത്.

ആകെ പ്രവൃത്തി മൂല്യം 462155 .22

അഡ്മിനിസ്ട്രേഷൻ ചെലവ് 8% 36972.41

ആകെ – 499127.63

കുറയ്ക്കുക അഡ്വാൻസ് ($1^{st}$) 100000.00

--------------

399127.63

കുറയ്ക്കുക അഡ്വാൻസ്(2nd) 150000.00

------------------

249127.63

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37/28.5.19 ന് നൽകിയ മറുപടിയിലും ടി തുക കൊടുത്തിട്ടില്ലെന്നുതന്നെയാണ് പറഞ്ഞിരിക്കുന്നത്. ട്രഷറി ബിൽ വഴിയല്ലാതെ പിന്നെ എങ്ങനെയാണ് തുക കൈമാറിയിട്ടുള്ളത്? ഇക്കാര്യത്തിലെ അവ്യക്തത ഒഴിവാക്കേണ്ടതാണ്.അതുവരേയ്ക്കും ചെലവഴിച്ച മുഴുവൻ തുകയും താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.
സ്ഥാപനത്തിനു നൽകിയ തുക സംബന്ധിച്ച് കൃത്യത വരുത്തേണ്ടതും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ഈടാക്കി അതാത് ഫണ്ടിൽ തിരികെ അടവാക്കേണ്ടതുമാണ്.

# 3-25 ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിച്ചിട്ടില്ല.

കേരള മുനിസിപ്പൽ ആക്ട് 284വകുപ്പ് പ്രകാരം ഓരോ നഗരസഭയും അവരുടെ ഓരോ വർഷത്തേയും തനതു വരുമാനത്തിന്റെ 2%കൊണ്ട് ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിക്കേണ്ടതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ചെലവഴിക്കേണ്ടതുമാണ്. ഇത്തരത്തിലൊരു ഫണ്ട് മുനിസിപ്പാലിറ്റിയിൽ രൂപീകരിച്ചിട്ടില്ല.

# 3-26 സർവ്വീസ് ടാക്സ് അടവാക്കിയത് ,ചലാൻ ഹാജരാക്കേണ്ടതാണ്.

മരാമത്തു പ്രവൃത്തികളുടെ (കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ) ബില്ലിൽ ആകെ പ്രവൃത്തിമൂല്യത്തിന്റെ നിശ്ചിത ശതമാനം തുക സർവ്വീസ്ടാക്സ് ഉൾപ്പെടുത്തി മൊത്തം ചെലവു കണക്കാക്കുന്നുണ്ട്. എന്നാൽ സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/22.5.19ന് നൽകിയ മറുപടിയിൽ സർവ്വീസ്ടാക്സ് കരാറുകാർ നേരിട്ട് അടവാക്കുകയാണെന്നാണ് അറിയിച്ചിരിക്കുന്നത്. കരാറുകാർ നേരിട്ട് അടവാക്കുകയാണെങ്കിൽ അടവാക്കിയതിന്റെ ചലാൻ രസീത് ഹാജരാക്കേണ്ടതാണ്. ഇത്തരത്തിൽ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തിയ ഏതാനും പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദാംശങ്ങൾ | അടങ്കൽതുക | പ്രവൃത്തി മൂല്യം | സർവ്വീസ് ടാക്സ് | ചെലവു വിവരം വൗച്ചർ നമ്പർ |
|---|---|---|---|---|---|
| 1 | അംഗൻവാടി നമ്പർ 31, ഫയൽ നമ്പർ | 120000 | 86831 | 9117 | 125/6- |

| | | | | | |
|---|---|---|---|---|---|
| | pw1-958/16,MB.67/17 | | | | 17 |
| 2 | അംഗൻവാടി നമ്പർ 12,ഫയൽ നമ്പർ pw1, 3766 MB 66/17 | 150000 | 122298 | 12841 | 122/6-17 |
| 3 | ചാത്തൻമാസ്റ്റർ ലൈബ്രറി നവീകരണം,ഫയൽ pw114050,MB68/17 | 300000 | 299895 | 28497 | 1/9-17 |
| 4 | അംഗൻവാടി നമ്പർ 28,ഫയൽനമ്പർ 3764/17,MB 79/17 | 100000 | 99948 | 10495 | 3/9-17 |
| 5 | അംഗൻവാടി നമ്പർ രേഖപ്പെടുത്തിയിട്ടില്ല.ഫയൽ,ward-18 നമ്പർ pw1-3225/17MB73/17 | 480000 | 398469 | 37863 | 9/8-17 |
| 6 | അംഗൻവാടി നമ്പർ രേഖപ്പെടുത്തിയിട്ടില്ല,ward-17,ഫയൽ നമ്പർ pw114067/17,MB-64/17 | 50000 | 41470 | 4354 | 159/6-17 |
| 7 | അംഗനവാടി നമ്പർ 7ward 23 ,ഫയൽനമ്പർ pw13224/17 MB86/17 | 175000 | 125588 | 11933 | 29/6-17 |
| 8 | ആകെ | | | 115100 | |

സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ ചലാൻ പരിശോധിച്ച് തുക അടവാക്കിയത് ഉറപ്പാക്കേണ്ടതും. വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-27 സ്ഥിര നിക്ഷേപ സർട്ടിഫിക്കേറ്റുകൾ, ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവയുടെ സൂക്ഷിപ്പ് -അപാകതകൾ

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പാരഗ്രാഫ് 2007, 2009 (7) എന്നിവ പ്രകാരം ഒരു പ്രവൃത്തിയുടെ ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാരിൽ നിന്നും കരാർമൂല്യത്തിന്റെ 2.5% നിരത ദ്രവ്യമായും കരാർ ലഭിക്കുന്ന ആളുടെ പക്കൽ നിന്നും 5%തുക സെക്യൂരിറ്റി ഡെപ്പോസിറ്റായും ഈടാക്കേണ്ടതുണ്ട്. ഇവ യഥാക്രമം ടെണ്ടർ ഉറപ്പിച്ച ശേഷവും പ്രവൃത്തിപൂർത്തീകരിച്ച് defect liability period കഴിഞ്ഞ് 28 ദിവസത്തിന ശേഷവും മടക്കി നൽകേണ്ടതുണ്ട്. കരാറുകാർ തിരികെ വാങ്ങാത്ത തുക നഗരസഭയുടെ തനതു ഫണ്ടിലേക്ക മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ കരാറുകാർ ഹാജരാക്കിയ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളും കാലഹരണപ്പെട്ട ഡിമാന്റ്ഡ്രാഫ്റ്റുകളും നടപടികളൊന്നും എടുക്കാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ സമയബന്ധിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 3-28 മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗത്തിൽ മാർഗരേഖ പാലിച്ചിട്ടില്ല

പതിമൂന്നാം പദ്ധതിയുടെ ഒന്നാം വർഷത്തെ ((2017-18)മാർഗരേഖയിൽ ജി.ഒ (MS) 79/17/തസ്വഭവ തീ.03.04.17 ആസ്തി സംരക്ഷണ പദ്ധതി എന്ന ഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുപ്രകാരം മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

സർക്കുലർ നമ്പർ 68228/FM1/2012/lsgd 28.11.2012, പ്രകാരം, റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ് ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. റോഡുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുക്കേണ്ടതാണ്. എന്നാൽ മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗത്തിൽ നഗരസഭ മേൽ നിബന്ധനകൾ പാലിച്ചുകാണുന്നില്ല. നിബന്ധനകൾ പാലിക്കാതെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾക്ക് ഏതാനും ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവു തുക |
|---|---|---|---|
| 1 | 22/18 | PWDറെസ്റ്റ് ഹൗസ്റോഡ് മെറ്റലിംഗ് ടാറിംഗ് | 260814 |
| 2 | 26/18 | വെട്ടുകുന്നത്ത്കാവ് പടിഞ്ഞാറെ റോഡ്, മെറ്റലിംഗ് ടാറിംഗ് | 202168 |
| 3 | 27/18 | വിഷ്ണുപുരം റോഡ് മെറ്റലിംഗ് ടാറിംഗ് | 95302 |
| 4 | 31/18 | ഔർഹോസ്പിറ്റൽ റോഡ്.....മെറ്റലിംഗ് ടാറിംഗ് | 151387 |
| 5 | 37/18 | ഈസ്റ്റ്കോമ്പാറ ബൈലെയിൻ 1,2,3,4 മെറ്റലിംഗ് ടാറിംഗ്. | 262029 |
| | | | |

| | | | |
|---|---|---|---|
| 6 | 41/18 | സോസ്‌വെന്റ് ഈസ്റ്റ് റോഡ് ബൈലെ:ിൻ മെറ്റലിംഗ് ടാറിംഗ് | 85825 |
| 7 | 43/18 | യൂണിറ്റിറോഡ് ബൈലെയിൻ 1,2 മെറ്റലിംഗ് ടാറിംഗ് | 159644 |
| 8 | 45/18 | വടക്കേ അങ്ങാടി റോഡ് വീതികൂട്ടി ടാറിംഗ് | 257069 |
| 9 | 49/18 | മാണിറോഡ് മെറ്റലിംഗ് ടാറിംഗ് | 222713 |
| 10 | 50/18 | കാരക്കടവ് റോഡ് മെറ്റലിംഗ് | 136667 |
| 11 | 51/18 | ശങ്കരമംഗലം ശിവക്ഷേത്രം റോഡ് മെറ്റലിംഗ് ടാറിംഗ് | 118867 |
| 12 | 57/18 | കമേഴ് സ്യൽ റോഡ് മെറ്റലിംഗ് ടാറിംഗ് | 241856 |
| 13 | 58/18 | പാറപ്പുറം മന റോഡ് മെറ്റലിംഗ് ടാറിംഗ് | 64115 |
| 14 | 60/18 | കോക്രച്ചാൽ റോഡ് മെറ്റലിംഗ് ടാറിംഗ് | 151923 |
| 15 | 61/18 | ഒരുമ റോഡ് മെറ്റലിംഗ് ടാറിംഗ് | 123991 |
| 16 | 68/18 | തേലപ്പിള്ളി കുന്നിക്കുരു ത്താഴംറോഡ് റിടാറിംഗ് കോൺക്രീറ്റിംഗ് | 200620 |
| 17 | 69/18 | കുറുപ്പംറോഡ് ബൈലെയിൻ 3 മെറ്റലിംഗ് ടാറിംഗ് | 105606 |
| 18 | 71/18 | കുരുപ്പംറോഡ് ബൈലെയിൻ 1-മെറ്റലിംഗ് ടാറിംഗ് | 67438 |
| 19 | 72/18 | വരിക്കാശ്ശേരി റോഡ് മെറ്റലിംഗ് | 75167 |
| 20 | 75/18 | കക്കാട് അമ്പലംറോഡ് മെറ്റലിംഗ് ടാറിംഗ് | 202174 |
| 21 | 77/18 | ബ്രദർമിഷൻറോഡ് തിരിയുന്ന മൂല കോൺക്രീറ്റിംഗ് | 632604 |
| 22 | 83/18 | കക്കാട്ട് അമ്പലംബൈലെയിൻറോഡ് മെറ്റലിംഗ് ടാറിംഗ്. | 168119 |
| 23 | 85/18 | സ്വദേശിറോഡ് മെറ്റലിംഗ്ടാറിംഗ് | 94004 |
| 24 | 86/18 | ധർമ്മപോഷണനഗർ സൈഡ് റോഡ് കോൺക്രീറ്റിംഗ് | 114834 |
| 25 | 88/18 | മുസ്ലിം കോളനിവഴി മെറ്റലിംഗ് ടാറിംഗ് | 27862 |
| 26 | 89/18 | സൗഹൃദലൈൻ മെറ്റലിംഗ് ടാറിംഗ് | 240710 |
| 27 | 95/18 | ചെമ്പാററോഡ് മെറ്റലിംഗ് ടാറിംഗ് | 126124 |
| 28 | 99/18 | കോക്കാനിക്കാട് റോഡ് ബാക്കിഭാഗം റോഡ് കോൺക്രീറ്റിംഗ് | 59193 |
| 29 | 100/18 | കൃഷ്ണൻപിള്ള റോഡ് ബാക്കിഭാഗം മെറ്റലിംഗ് ടാറിംഗ് | 58437 |
| 30 | 109/18 | ചാത്രാപ്പ് റോഡ് മെറ്റലിംഗ് ടാറിംഗ് | 43185 |
| 31 | 129/18 | പള്ളിപ്പുറം കോളനി റോഡ് മെറ്റലിംഗ് ടാറിംഗ് | 102760 |
| 32 | 143/18 | കുറുമാലിക്കാവ് റോഡ് മെറ്റലിംഗ് ടാറിംഗ് | 284319 |

പദ്ധതികൾ നടപ്പാക്കുമ്പോൾ നിലവിലുള്ള ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-29 കന്നുകുട്ടി പരിപാലനം-പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

നിർവ്വഹണം-സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി പോളി ക്ലിനിക്

1.പ്രൊജക്റ്റ് നം-241/18

ട്രഷറി ബിൽ നം-1/6.1.18-525000

5/28.1.18-412500

ഗുണഭോക്താക്കളുടെ എണ്ണം -75

തെരഞ്ഞെടുത്ത 75 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കുള്ള തീറ്റവിതരണത്തിനായി നഗരസഭ വിഹിതമായി മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്റുടെ അക്കൗണ്ട് നം.71301140000034 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. തീറ്റവിതരണം 2/18 മുതൽ ആരംഭിച്ചിട്ടുണ്ട്. താഴെ പറയുന്നഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തീറ്റ വിതരണത്തിൽ നിന്നും വിട്ടുപോയ തീയതി |
|---|---|---|

| | | |
|---|---|---|
| 1 | ഈനാശ്രു<br>മുള്ളൂർക്കര ഹൗസ് | 24.12.18 |
| 2 | അമ്മിണിയമ്മ<br>നമ്പിട്ടിയത്ത് | 19.1.19 |
| 3 | അൽഫോൺസ,പൊഴയോലി<br>പ്പറമ്പിൽ | 20.10.18 |
| 4 | സജിത മണപ്പെട്ടി | 19.1.19 |

പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയതുവരെ ചെലവു തുക 937500/- തടസ്സപ്പെടുത്തുന്നു. പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--- ഇല്ല ---

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറിബിൽ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | S0561/17 വിവിധ വാർഡുകളിലും ബൈപ്പാസ് റോഡിലും സ്ട്രീറ്റ് ലൈൻ വലിക്കൽ | 84/ 30.3.17 | 20,00,000 | 13,95,569 | 6,04,431 |
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ 518/18 | 5/07.08.17 – 2696945<br>14/06.01.18 – 318120<br>46/17.03.18 – 1078288 | 4093353 | | 4093353 |
| KWA | നിലവിലുള്ള കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 516/18 | 12/ 3.10.17<br>29/10.01.18 | 30,00,000 | 10,00,650 | 1999350 |

മേൽ പറഞ്ഞ പ്രകാരം ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന ഡെപ്പോസിറ്റ് തുകകൾ വാർഷിക കണക്കിന്റെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

--- ഇല്ല ---

# 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പുതിയ ഓഫീസ് കെട്ടിട നിർമ്മാണത്തിന് | KURDFC/ A2/1476/08 | 5690000 | 855000 | 369000 | 87746 | 486000* (അക്കൗണ്ട്സിൽ അപാകതയുണ്ട് .ഭാഗം 1-12 ചേർത്തിട്ടുണ്ട്) |
| പുതിയ ഓഫീസ് കെട്ടിട നിർമ്മാണത്തിന് | TDC | 10000000 | 4142256 | 1476950 | 279574 | 2665306 |

മാർച്ച് മാസത്തെ തിരിച്ചടവ് 146377/- (മുതൽ 102813 + പലിശ 43564) വാർഷികകണക്കിൽ RP-25 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ആയത് പ്രതിഫലിച്ച് കാണുന്നില്ല.

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2400936/- |
| തൻവർഷം നിക്ഷേപിച്ച തുക | 66212(പലിശ) |
| ആകെ | 2467148/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | Nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2467148/- (പലിശയുൾപ്പെടെയുള്ള തുക) (ക്രിമേറ്റോറിയം ഫണ്ട്, വിജയാബാങ്ക്, ഇരിഞ്ഞാലക്കുട, (SB A/c no- 209503291000092- deposit renewal 24.11.17@6.5 for 1 year) |

വിജയബാങ്ക്, ഇരിങ്ങാലക്കുട
SB A/C No: 209503291000092

# 4-6 ഓഡിറ്റ് റിക്കവറി

--ഇല്ല---

# 4-7 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 22-ാംമത് റിപ്പോർട്ട് ഖണ്ഡിക 26ൻമേൽ ഇരിങ്ങാലക്കുട നഗരസഭ സ്വീകരിച്ച നടപടിവിശദീകരണ പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിഗമനം / ശുപാർശ | നിർദേശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-09 (ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2016-19) 22-ാംമത് റിപ്പോർട്ട് ഖണ്ഡിക 26 | 4.8.1 (ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക 2-19) | പരാമർശ വിധേയനായ കരാറുകാരൻ ശ്രീ.എം.കെ ജോണിയിൽ നിന്നും ഈടാക്കിയ തുകയുടെ പലിശകൂടി ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിച്ചിരിക്കുന്നു. ഇതിൻപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റായി കരാറുകാരൻ അടവാക്കിയ 50,000/-രൂപയിൽ നിന്നും 36,775/-രൂപ നഗരസഭ ഫണ്ടിലേക്ക് വരവ് വയ്ക്കുവാൻ ഉത്തരവായെങ്കിലും പ്രസ്തുത തുകയുടെ വരവ് രേഖകളോ രജിസ്റ്ററുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതതായി ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രേഖകൾ അടിയന്തിരമായി ഓഡിറ്റിനു ഹാജരാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | സെക്യൂരിറ്റി ഡെപ്പോസിറ്റായി കരാറുകാരൻ നഗരസഭയിൽ അടച്ച 50000/-രൂപയുടെ 15.03.1996ലെ 027766 നമ്പർ രശീത് പ്രകാരമുള്ള സംഖ്യയിൽ നിന്നും പലിശയിനത്തിൽ 36775/-രൂപ 26.03.2016ൽ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്. (ജേണൽ വൗച്ചർ നമ്പർ 41500486 തിയ്യതി 26.03.2016) തുക മുതൽക്കൂട്ടിയ ബന്ധപ്പെട്ട രജിസ്റ്ററിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. ടി പകർപ്പ് ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |

# 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 290140841 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 310809627 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം, ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6918957 |

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-8 iv | 50844 | | ശ്രീ.ഒ.എൻ അജിത്കുമാർ, മുനിസിപ്പൽ സെക്രട്ടറി |

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 0 | ശ്രീ.മണികണ്ഠകുമാർ.ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 3.5 | 136600 | സെക്രട്ടറി, ശ്രീ .ഒ.എൻ അജിത് കുമാർ |
| 3.10 | 71,495 | |
| 3.15 | 242305 | ശ്രീ .ഒ.എൻ അജിത് കുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 3.16 | 6092703 | ശ്രീ.ഒ.എൻ അജിത് കുമാർ, സെക്രട്ടറി |
| 3.17 | 161760 | ശ്രീ.ഒ.എൻ അജിത് കുമാർ, സെക്രട്ടറി |
| 3.18 (എ) | 7198 | ഡോ.ബിന്ദ കെ.എം, മെഡിക്കൽ ഓഫീസർ, PHC, പൊറത്തശ്ശേരി |
| 3.18 (ബി) | 38896 | ഡോ.മിനിമോൾ, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 3.19 | 34000 | ശ്രീമതി.വാലന്റീന കെ.ഡി, പട്ടികജാതി വികസന ഓഫീസർ |
| 3.19 | 34000 | ശ്രീ.ഷാബു.ടി.ആർ, SCDO |
| ആകെ | 6918957 | |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടോത്തരവാദികളുടെ സ്ഥിരം മേൽവിലാസം

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 2-8 (III) | സെക്രട്ടറി | ശ്രീ.ഒ.എൻ അജിത് കുമാർ, ഓലിപറമ്പിൽ, എടത്തിരിഞ്ഞി |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 | എൽ.എഫ്.ടി.2-4178/76 - 01.06.76 |
| 72-73 | എൽ.എഫ്.ടി.2-2545/75 - 04.06.76 |
| 73-74 | എൽ.എഫ്.ടി.2-5231/75 - 25.02.77 |
| 74-75 | എൽ.എഫ്.ടി.2-586/76 - 13.03.76 |
| 75-76 | എൽ.എഫ്.ടി.2-108/77 - 16.08.77 |
| 76-77 | എൽ.എഫ്.ടി.2-1116/78 - 16.04.79 |
| 77-78 | എൽ.എഫ്.ടി.4 - 670/80 - 22.05.80 |
| 78-79 | എൽ.എഫ്.ടി.4 - 2226/80 - 19.12.81 |
| 79-80 | എൽ.എഫ്.ടി.4-116/82- 31.04.83 |
| 80-81 | എൽ.എഫ്.ടി.4-2638/83 - 24.04.85 |
| 81-82 | എൽ.എഫ്.ടി.4-2663/86 - 11.05.87 |
| 82-83 | എൽ.എഫ്.ടി.4-1943/87 - 11.10.88 |
| 83-84, 84-85 | എൽ.എഫ്.ടി.4-424/91 - 13.09.91 |
| 85-86 | എൽ.എഫ്.ടി.4 - 19.09.92 |
| 86-87 | എൽ.എഫ്.ടി.4-465/93 - 31.03.94 |
| 87-88, 88-89 | എൽ.എഫ്.ടി.4-2013/95 - 5.10.96 |
| 89-90, 90-91 | എൽ.എഫ്.ടി.4-1258/96 - 11.04.97 |
| 91-92 മുതൽ 95-96 വരെ | എൽ.എഫ്.ടി.4-35/09 - 11.05.10 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.4-1042/97 - 31.03.08 |
| 96-97 (വരവ്) | എൽ.എഫ്.ടി.4-437/09 - 12.10.10 |
| | |

| | |
|---|---|
| 97-98 (ചെലവ്) | എൽ.എഫ്.ടി.4-1669/99 - 09.06.2000 |
| 97-98 (വരവ്) | എൽ.എഫ്.ടി.4-138/09/ 12.10.10 |
| 98-99 (ചെലവ്) | എൽ.എഫ്.ടി.4-1136/01 12.12.01 |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.4-568/02 06.03.03 |
| 99-2000 (വരവ്) | എൽ.എഫ്.ടി.4-440/09 23.10.2010 |
| 2000-01 ചെലവ് | എൽ.എഫ്.ടി.4-1560/04 26.02.05 |
| 2001-02 | എൽ.എഫ്.ടി.4-1220/05-05.01.06/17.07.06 |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-441/09/ 23.10.10 |
| 2001-02 (വരവ്) | എൽ.എഫ്.ടി.4-433/09/ 23.10.10 |
| 2002-03 (ചെലവ്) | എൽ.എഫ്.ടി.4-809/07 30.04.07 |
| 2002-03 (വരവ്) | എൽ.എഫ്.ടി.4-434/09/ 21.05.2010 |
| 2003-04 | എൽ.എഫ്.ടി.4-1093/09 04.02.2011 |
| 2004-05 | എൽ.എഫ്.ടി.4-1094/09-07.02.2011/16.08.2011 |
| 2005-06 | എൽ.എഫ്.ടി.4-1612/10/24.05.2011/21.10.11 |
| 2006-07 | എൽ.എഫ്.ടി.4-1013/2010/27.09.2011/21.10.11 |
| 2007-08 | എൽ.എഫ്.ടി.(എം)692/2011/03.11.2011 |
| 2008-09 | എൽ.എഫ്.ടി.(എം)2078/11/03.11.2011/06.07.2012 |
| 2009-10 | എൽ.എഫ്.ടി.(എം)2597/11 20.06.12/05.07.12 |
| 2010-11 (വരവ്) | എൽ.എഫ്.ടി.(എം)2598/11 20.06.2012/05.07.12 |
| 2011-12 | എൽ.എഫ്.ടി.(എം)56/13 09.04.13/16.08.13 |
| 2012-13 | എൽ.എഫ്.ടി.(എം)242/14 dt.8.5.14/9.6.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.-932/15 dt.16.10.15 |
| 2014-15 | കെ.എസ്.എ. ടി.എസ്.ആർ.- (എം) 1403/16 dt.06.08.16 |
| 2015-16 | കെ.എസ്.എ. ടി.എസ്.ആർ.- (എം) 91/2017 തീയതി.30.01.2017 |
| 2016-17 | കെ.എസ്.എ. ടി.എസ്.ആർ.- (എം)1541/17 തിയ്യതി:24/11/2017 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(എം)836/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, തൃശ്ശൂർ – 20

ഫോൺ നമ്പർ – 0487 2331249

ഇ മെയിൽ – dotsr.ksad@kerala.gov.in

തിയ്യതി – 9.7.19

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇരിങ്ങാലക്കുട നഗരസഭയുടെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ